# സമുദായക്കേസ് വിധി

## സുപ്രീം കോടതി

20-6-1995

## ഒരു വിശകലനം

# സമുദായക്കേസ് വിധി ഒരു വിശകലനം

## ഉള്ളടക്കം


| | | |
|---|---|---|
| I | വിധി കാതോലിക്കാപക്ഷത്തിന് അനുകൂലം | 3 |
| II | സമുദായക്കേസിനെപ്പറ്റിഒരു ചുരുങ്ങിയ ചരിത്രം | 5 |
| III | പ്രധാനപ്പെട്ട പത്തു വിഷയങ്ങൾ | 10 |
| IV | മറ്റു തർക്കവിഷയങ്ങൾ | 20 |
| V | മറ്റു ബന്ധപ്പെട്ട വിഷയങ്ങൾ | 24 |
| VI | വിധിയുടെ വെളിച്ചത്തിൽ എടുത്തുപറയേണ്ട ചില പ്രധാനപ്പെട്ട കാര്യങ്ങൾ | 28 |
| VII | മലങ്കരസഭയുംഅന്ത്യോഖ്യൻ സഭയും തമ്മിലുള്ള ബന്ധം | 31 |

I വിധി കാതോലിക്കാ പക്ഷത്തിന് അനുകൂലം

II സമുദായക്കേസിനെപ്പറ്റി ഒരു ചുരുങ്ങിയ ചരിത്രം

1. കൊച്ചിൻ അവാർഡ്
2. സെമിനാരി കേസ്
3. ആർത്താറ്റ് കേസ്
4. വട്ടിപ്പണ കേസ്
5. സമുദായ കേസ്

III പ്രധാനപ്പെട്ട പത്തു വിഷയങ്ങൾ

1. കാനോൻ
2. കാതോലിക്കാ സ്ഥാപനം
3. പാത്രിയർക്കീസിനുള്ള അധികാരം
4. പാത്രിയർക്കീസും കാതോലിക്കോസും തമ്മിലുള്ള ബന്ധം
5. സഭാ ഭരണഘടന
6. 1912-ലെ കാതോലിക്കേറ്റ് പുനഃസ്ഥാപനവും 1934-ലെ സഭാഭരണഘടനയും
7. വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനവും പരിശുദ്ധ എന്ന ബഹുമാനസൂചകമായ പദവും
8. മലങ്കര സഭ എപ്പിസ്കോപ്പൽ സഭയാണോ? ഇടവകപള്ളികളുടെ ഭരണം എങ്ങനെ?
9. കാതോലിക്കോസിൻെറ മുടക്ക്
10. സമുദായം വക സ്വത്തുക്കൾ

IV മറ്റു തർക്കവിഷയങ്ങൾ

1. സിംഹാസന പള്ളികൾ, പൗരസ്ത്യ സുവിശേഷസംഘം, സെൻറ് ആൻറണീസ് ചർച്ച്, മാംഗളൂർ എന്നിവയെപ്പറ്റി
2. ക്നാനായ സമുദായം
3. സിവിൽ കോടതിയുടെ അധികാരം
4. 1991-ലെ ആരാധനാസ്ഥലനിയമം

V മറ്റു ബന്ധപ്പെട്ട വിഷയങ്ങൾ

1. സഭാ ഭരണഘടനയുടെ 71-ാം വകുപ്പിന് ഭേദഗതി
2. സഭയിൽ സമാധാനവും 1-1-1971 എന്ന തീയതിയും

VI വിധിയുടെ വെളിച്ചത്തിൽ എടുത്തു പറയേണ്ട ചില പ്രധാനപ്പെട്ട കാര്യങ്ങൾ

1. അപ്പീലിൽ തീർപ്പു കല്പിക്കപ്പെട്ടു, സംശയമില്ല
2. 1-6-1990-ലെ കേരള ഹൈക്കോടതി വിധി
3. 1-1-1971-നുശേഷം പാത്രിയർക്കീസ് പക്ഷത്ത് വാഴിക്കപ്പെട്ടിട്ടുള്ള കാതോലിക്കാ, മേൽപ്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ എന്നിവർ
4. ക്നാനായ സമുദായം - ക്നാനായ മെത്രാപ്പോലീത്താ
5. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
6. വിധി കാതോലിക്കാപക്ഷത്തിന് അനുകൂലം- സഭയിൽ സമാധാനം കൈവരട്ടെ

VII മലങ്കര സഭയും അന്ത്യോഖ്യൻ സഭയും തമ്മിലുള്ള ബന്ധം

1934-ലെ സഭാഭരണഘടനയിലെ ചില പ്രസക്തഭാഗങ്ങൾ

# സമുദായക്കേസിൽ 20-6-1995-ലെ സുപ്രീംകോടതി വിധിയുടെ ഒരു വിശകലനം

## I വിധി കാതോലിക്കാപക്ഷത്തിന് അനുകൂലം

കാതോലിക്കാപക്ഷത്തിന് അനുകൂലമായി 1990 ജൂൺ 1-ാം തീയതി കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ നിന്നുണ്ടായ വിധിക്കെതിരെ പാത്രിയർക്കീസ് പക്ഷം സുപ്രീംകോടതിയിൽ സമർപ്പിച്ച അപ്പീലിൽ തീർപ്പു കല്പിച്ചുകൊണ്ട് ഇൻഡ്യയുടെ പരമോന്നത നീതിപീഠത്തിൽ നിന്നുള്ള അന്തിമ വിധിന്യായമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

സത്യം ജയിച്ചു. ഇനിയും മലങ്കര സഭയിൽ സമാധാനം കൈവരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യാം.

മൂന്നംഗ ബഞ്ചിലെ പ്രിസൈഡിംഗ് ജഡ്ജിയായ ജസ്റ്റീസ് ആർ. എം. സഹായി പ്രത്യേകമായും, ജസ്റ്റീസ് ബി.പി. ജീവൻ റെഡ്ഡി, ജസ്റ്റീസ് സുഹാസ്.സി.സെൻ എന്നിവർ ഒരുമിച്ച് വേറെയായും രണ്ട് വിധികളാണ് പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്.കോടതിയിൽ പ്രിസൈഡിംഗ് ജഡ്ജി ജസ്റ്റീസ് ആർ.എം. സഹായി തൻെറ വിധിയിലെയും, മറ്റെ വിധിയിലെയും പ്രധാന ഭാഗങ്ങൾ വായിച്ച് വിധി പ്രസ്താവിക്കുകയാണുണ്ടായത്.

ഇവയെ സൗകര്യാർത്ഥം ന്യൂനപക്ഷവിധിയെന്നും, ഭൂരിപക്ഷ വിധിയെന്നും വിശേഷിപ്പിക്കാമെങ്കിലും മൊത്തത്തിൽ ഇവ രണ്ടും ഒരേ തരത്തിലുള്ള തീരുമാനങ്ങളാണ്-ഭിന്നാഭിപ്രായങ്ങളല്ല.

ഭൂരിപക്ഷവിധിയിൽ പ്രധാനമായും എടുത്തുപറയുന്ന ഒരു വ്യത്യാസം മാത്രമാണ് കാണുന്നത്.

1934-ലെ സഭാ ഭരണഘടന അതിന്റെ 1951-ലെയും 1967-ലെയും ഭേദഗതികളോടുകൂടി അംഗീകരിക്കുന്നതോടൊപ്പം, ഭരണഘടനയിലെ 68-ാം വകുപ്പ് (ഇപ്പോഴത്തെ 71 വകുപ്പ്) കൂടുതുൽ ജനാധിപത്യരീതിയിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മൂന്നു മാസത്തിനകം സമർപ്പിക്കുന്നതിന് ആവശ്യപ്പെടുന്നുണ്ട് എന്നു മാത്രം.

സുപ്രീം കോടതിയിൽ വിധി പ്രസ്താവിച്ച ജസ്റ്റീസ് ആർ. എം. സഹായി, ജസ്റ്റീസ് ബി. പി. ജീവൻ റെഡ്ഡി, ജസ്റ്റീസ് സുഹാസ്. സി. സെൻ എന്നിവരുടെ പേരിൽ ജസ്റ്റീസ് ബി.പി. ജീവൻ റെഡ്ഡി എഴുതിയ വിധിയെപ്പറ്റി താഴെ പറയുംവിധം പരാമർശിക്കുകയുണ്ടായെന്നതും പ്രാധാന്യമർഹിക്കുന്നു.

ജസ്റ്റീസ് ബി. പി. ജീവൻ റെഡ്ഡി എഴുതിയ വിധിയിൽ പറയുന്ന, ഭരണഘടനയിലെ 71-ാം വകുപ്പിന്റെ ഭേദഗതിയ്ക്കുള്ള നിർദ്ദേശത്തെപ്പറ്റി പറയുന്നത് - പ്രസ്തുത നിർദ്ദേശം അപ്പീലിന്റെ കാര്യത്തിൽ ബാധകമല്ലെന്നും, അപ്പീലിൽ തീർപ്പു കല്പിച്ചുകൊണ്ട് കേരള ഹൈക്കോടതി വിധി ശരിവയ്ക്കുന്നു എന്നുമാണ്.

"He, in fact, has agreed with every conclusion reached on merits in my judgement. The narrow difference has arisen on the power of this court to direct any amendment in the Constitution framed by a Religious body and whether the fairness of such amendment can be judged by this court. However, the direction issued by him in this regard in appeals arising out of suits does not make any difference so far as merits of the appeals are concerned.

Consequently the appeals are decided by affirming the conclusions of the Division Bench of the Kerala High Court which do not call for any interference.

The parties shall bear their own costs". [Page 168]

ഭൂരിപക്ഷവിധിയിലും അപ്പീലിനെപ്പറ്റി തീരുമാനം എടുത്തതായിതന്നെ വ്യക്തമാക്കുന്നുണ്ട്. എല്ലാ പ്രധാന വിഷയങ്ങളെപ്പറ്റിയും പ്രത്യേകം പ്രത്യേകം എടുത്ത് തീരുമാനങ്ങൾ പ്രസ്താവിച്ചതിനുശേഷം പ്രസ്തുത വിധിയിൽ താഴെ പറയുംപ്രകാരം പറയുന്നുണ്ട്.

"The appeals cross-objections and applications are disposed of in the above terms.

List the matters for further orders after three months along with the draft amendments (suggestions), if any, submitted by the parties pursuant to the directions given here in before". [Page 85]



ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് പാത്രിയർക്കീസ് ഭാഗം കൊടുത്ത അപ്പീലിൻമേൽ സുപ്രീംകോടതി തീരുമാനം എടുത്തു എന്നും പ്രത്യേകമായി എടുത്തു പറയാത്ത കാര്യങ്ങളിലെല്ലാംതന്നെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 1990 ജൂൺ 1-ാം തീയതിയിലെ വിധി നിലനിൽക്കുന്നു എന്നതുമാണ്.

അപ്പീലിനടിസ്ഥാനമായ കേരള ഹൈക്കോടതിയുടെ തീരുമാനങ്ങളും ഡിക്രിയും അസ്ഥിരപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യാതെ അപ്പീലുകൾ തീർച്ച ചെയ്തതിനാൽ കീഴ്കോടതി ഡിക്രിപ്രകാരമുള്ള നിരോധന ഉത്തരവുകളും നിലനിൽക്കുന്നതാണ്.

ജസ്റ്റീസ് ആർ. എം. സഹായിയുടെ വിധിയിൽ 161 മുതൽ 168 വരെയുള്ള അവസാനത്തെ 8 പേജുകളിലാണ് തീരുമാനങ്ങളടങ്ങുന്നത്.

ജസ്റ്റീസ് ബി.പി. ജീവൻ റെഡ്ഡി, ജസ്റ്റീസ് സുഹാസ്.സി.സെൻ എന്നിവരുടെ വിധിയിൽ 70 മുതൽ 85 വരെയുള്ള അവസാനത്തെ 16 പേജുകളിലാണ് തീരുമാനങ്ങൾ കൊടുത്തിട്ടുള്ളത്.

വിധിയിൽ അവസാനം പറഞ്ഞിരിക്കുന്ന തീരുമാനങ്ങൾ അവഗണിച്ച് വിധിയുടെ മുൻ ഭാഗങ്ങളിൽ വാദഗതികളെപ്പറ്റിയും മറ്റും ചർച്ച ചെയ്തിരിക്കുന്ന ഭാഗങ്ങൾ-അതും ഭാഗികമായി എടുത്തു കാട്ടിയും മറ്റും കോടതിവിധി ദുർവ്യാഖ്യാനം ചെയ്ത് ദുഷ്പ്രചരണം നടത്തി പ്രയാസങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുന്നത് ക്രിസ്തീയമല്ല. അത് സത്യത്തിനും, നീതിക്കും മാന്യതയ്ക്കും നിരക്കാത്തതാണ്.

## II സമുദായക്കേസിനെപ്പറ്റി-ഒരുചുരുങ്ങിയ ചരിത്രം

മലങ്കരസഭയിൽ കേസുകളും വഴക്കുകളും കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികമായി വളരെ ഊർജ്ജിതമായി തന്നെ നിലനിന്നിരുന്നു എന്നു വേണം പറയുവാൻ. വ്യവഹാരങ്ങൾക്ക് തുടക്കം 1840-ൽ ആയിരുന്നു എന്നാണ് കരുതേണ്ടത്.

### 1. കൊച്ചിൻ അവാർഡ്-1840

പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരായ ചർച്ച് മിഷനറി സൊസൈറ്റിയും മലങ്കര സഭയിലെ ഓർത്തഡോക്സ് വിശ്വാസികളും തമ്മിൽ ബന്ധം വിശ്ചേദിക്കുകയും സ്വത്തുക്കൾ വിഭജിക്കുകയും ചെയ്യേണ്ടിവന്നു. അതിനായി നിയമിച്ച മദ്ധ്യസ്ഥക്കോടതിയിൽ ഉണ്ടായിരുന്ന മിഷനറിമാരുടെ പ്രതിനിധി, മലങ്കര മെത്രാന്റെ പ്രതിനിധി, സർക്കാരിന്റെ പ്രതിനിധി എന്നിങ്ങനെ മൂന്ന് ഇംഗ്ലീഷുകാർ കൊച്ചിയിൽ കൂടി 1840 ഏപ്രിൽ 4-ന് വിധി പറയുകയുണ്ടായി. ഈസ്റ്റിൻഡ്യാ കമ്പനിയിൽ മാർത്തോമ്മാ ആറാമൻ നിക്ഷേപിച്ചിരുന്ന തുക പലിശ സഹിതം മലങ്കരസഭയ്ക്ക് ലഭിക്കുകയുണ്ടായി. കൊച്ചിയിൽ കൂടി

വിധി പറഞ്ഞതുകൊണ്ട് കൊച്ചിൻ അവാർഡ് എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്.

**2. സെമിനാരി കേസ്-റോയൽ കോടതി വിധി-1889**

സെമിനാരി ഭരണവും സ്വത്തുക്കളും നവീകരണക്കാരനായ തോമസ് മാർ അത്താനാസ്യോസിൽ നിന്നും വീണ്ടെടുക്കാനായി ജോസഫ് മാർ ദിവന്ന്യാസ്യോസ് 1879 മാർച്ച് 4-ാം തീയതി ആലപ്പുഴ ജില്ലാ കോടതിയിൽ കേസു കൊടുക്കുകയും പ്രസ്തുത കേസ് അവസാനം തിരുവിതാംകൂർ റോയൽ കോർട്ട് 1889 ജൂലൈ 12-ാം തീയതി ജോസഫ് മാർ ദിവന്ന്യാസ്യോസിന് അനുകൂലമായി വിധിക്കുകയുമുണ്ടായി. ഇതാണ് റോയൽ കോടതിവിധി എന്ന് അറിയപ്പെടുന്നത്. ഇതിനെ തുടർന്നാണ് മലങ്കരസഭയിൽനിന്ന് വിട്ട് മാർത്തോമ്മാ സഭ സ്ഥാപിതമായത്.

1889-ലെ റോയൽ കോടതി വിധിയിൽപോലും പാത്രിയർക്കീസിൻെറ അധികാരങ്ങൾ മലങ്കരസഭയിൽ വളരെ പരിമിതമാണെന്ന് വ്യക്തമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതായി കാണാം. ലൗകികാധികാരങ്ങൾ ഒന്നുംതന്നെയില്ലതാനും.

പ്രസ്തുത വിധിയിൽ പറഞ്ഞിരിക്കുന്നതു നോക്കുക

".......... in general supervision over the spiritual government of the church, that the authority of the Patriarch has never extended to the government of the temporalities of the Church, which in this respect has been an independent Church." [Para 347]

**3. ആർത്താറ്റ് കേസ്-1905**

പാത്രിയർക്കീസിന് റോയൽ കോടതി വിധി ഇഷ്ടമായിരുന്നില്ല. അദ്ദേഹത്തിന് പിന്തുണ നൽകിയ കുറെ ആളുകൾ കുഴപ്പം സൃഷ്ടിക്കുവാൻ ശ്രമിച്ചു. കൊച്ചി മെത്രാസനത്തിലെ ആർത്താറ്റ് പള്ളിയിലും മറ്റു ചില പള്ളികളിലും സ്വത്തുക്കളിലും അധികാരം സ്ഥാപിച്ചുകിട്ടുവാൻ ജോസഫ് മാർ ദിവന്ന്യാസ്യോസ് തൃശൂർ ജില്ലാ കോടതിയിൽ കൊടുത്ത കേസ് അവസാനം കൊച്ചിയിലെ റോയൽ അപ്പീൽ കോടതി, തിരുവിതാംകൂർ റോയൽ കോടതി വിധിപോലെതന്നെ ജോസഫ് മാർ ദിവന്ന്യാസ്യോസിന് അനുകൂലമായി 1905 ആഗസ്റ്റ് 15-ാം തീയതി വിധി പ്രഖ്യാപിച്ചു.

**4. വട്ടിപ്പണകേസ്-1928**

ഈസ്റ്റിൻഡ്യാ കമ്പനിയിൽ മുൻപ് നിക്ഷേപിച്ചിരുന്ന തുകയുടെ പലിശ കൈപ്പറ്റുന്നതിനുള്ള അവകാശ തർക്കമാണ് ജോസഫ് മാർ ദിവന്ന്യാസ്യോസിൻെറ പിൻഗാമി വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസും കൂട്ടു ട്രസ്റ്റികളും ഒരു വശത്തും അദ്ദേഹത്തിൻെറ എതിരാളിയായി വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസിനെ മുടക്കിയശേഷം അബ്ദുള്ളാ പാത്രിയർക്കീസ് നിയമിച്ച മാർ കൂറിലോസും കൂട്ടു ട്രസ്റ്റികളും മറുവശത്തുമായി തുടങ്ങിയ വട്ടിപ്പണ കേസ്. ഈ തുക ബ്രിട്ടീഷ് സെക്രട്ടറി ഓഫ് സ്റ്റേറ്റ്സ് തിരുവനന്തപുരം ജില്ലാകോടതിയിൽ കെട്ടിവച്ച് യഥാർത്ഥ അവകാശികൾക്ക് കൊടുക്കുവാൻവേണ്ടി 1913-ൽ ഇൻറർ പ്ലീഡർ കേസ് ഫയൽ ചെയ്തു. ഇതിൽ വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസും കൂട്ടു ട്രസ്റ്റികളും 1, 2, 3-ം പ്രതികളും കൂറിലോസും കൂട്ടു ട്രസ്റ്റികളും 4, 5, 6-ം പ്രതികളുമായിരുന്നു. ജില്ലാകോടതി വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസിനെ മുടക്കിയത് അസാധുവായി പ്രഖ്യാപിക്കുകയും വട്ടിപ്പണ പലിശ വാങ്ങുവാൻ 1, 2, 3-ം പ്രതികൾക്ക് അവകാശമുണ്ടെന്ന് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഈ വിധിക്കെതിരെ കൊടുത്ത അപ്പീലിൽ തിരുവിതാംകൂർ ഹൈക്കോടതി ഫുൾ ബഞ്ച് അപ്പീൽ അനുവദിച്ച് ജില്ലാകോടതി വിധി അസ്ഥിരപ്പെടുത്തി വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസിനെതിരായി വിധി പ്രസ്താവിച്ചു.

ഈ വിധിക്കെതിരെ 1, 2, 3-ം പ്രതികൾ റിവ്യൂ ഹർജി ഹൈക്കോടതിയിൽ സമർപ്പിക്കുകയും വേറൊരു ഫുൾ ബഞ്ച് വാദം കേട്ട് 1928 ജൂലൈ 4-ന് ജില്ലാ കോടതി വിധിയും ഡിക്രിയും ശരിവച്ചുകൊണ്ട് വിധി പ്രഖ്യാപിക്കുകയുമാണുണ്ടായത് അങ്ങനെ വട്ടിപ്പണക്കേസിൽ കാതോലിക്കാ പക്ഷത്തിന് അനുകൂലമായ വിധിയുണ്ടാകുകയും ചെയ്തു.

**5. സമുദായ കേസ്**

സമുദായ കേസ് എന്ന പേരിൽ കേസിൻെറ തുടക്കം 1938-ലാണ്.

പാത്രിയർക്കീസ് പക്ഷത്ത് അനധികൃതമായി തെരഞ്ഞെടുക്കപ്പെട്ട മലങ്കര മെത്രാപ്പോലീത്താ പൗലോസ് മാർ അത്താനാസ്യോസ്, അതുപോലെ കൂട്ടു ട്രസ്റ്റികളെന്ന് അവകാശപ്പെട്ട്, അവിരാ ജോസഫ് കത്തനാർ, തുകലൻ പൗലോ അവിരാ എന്നിവർ ചേർന്ന് ഔദ്യോഗിക സ്ഥാനികളായിരുന്ന, കിഴക്കിൻെറ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ, ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻബാവായ്ക്കും, കൂട്ടു ട്രസ്റ്റികളായിരുന്ന മാണി പൗലോസ് കത്തനാർക്കും, ഇ.ജെ.ജോസഫിനും എതിരായി 1938 മാർച്ച് 10-ാം തീയതി കോട്ടയം ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തു.

1912-ൽ നിരണം വലിയപള്ളിയിൽവെച്ച് മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കാസ്ഥാപനം, 1934-ൽ എം.ഡി. സെമിനാരിയിൽവച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗം കൂടി പാസ്സാക്കിയ സഭാഭരണഘടന ഇവയെല്ലാം ചോദ്യം ചെയ്യപ്പെട്ടിരുന്നു.

1943 ജനുവരി 18-ാം തീയതി കോട്ടയം ജില്ലാകോടതിയിൽ സ്പെഷ്യൽ ജഡ്ജി ബി. കൃഷ്ണയ്യർ പാത്രിയർക്കീസ് വിഭാഗത്തിൻെറ ഹർജി ചെലവു സഹിതം തള്ളിക്കൊണ്ട് വിധി പ്രസ്താവിച്ചു. പാത്രിയർക്കീസ് പക്ഷത്തെപ്പറ്റി വിധിയിൽ പറഞ്ഞിരിക്കുന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

"..........have unlawfully and unjustifiably created a split in the Malankara Church" [Para 133)

പാത്രിയർക്കീസ്പക്ഷം അപ്പീൽ സമർപ്പിക്കുകയും, 1946 ഓഗസ്റ്റ് 8-ാം തീയതി തിരുവിതാംകൂർ ഹൈക്കോടതിയിലെ മൂന്നംഗ ബഞ്ചിൽ നിന്നും, പാത്രിയർക്കീസ്പക്ഷത്തിന് അനുകൂലമായി വിധിയുണ്ടാകുകയും ചെയ്തു. ഈ വിധി റിവ്യൂ ചെയ്യുവാൻ കാതോലിക്കാപക്ഷം 1946 ഓഗസ്റ്റ് 22-ാം തീയതി അപേക്ഷ നൽകി. തുടർന്ന് കേസ് വാദം കേട്ടിരുന്ന രണ്ട് ജഡ്ജിമാർ റിട്ടയർ ചെയ്യുകയുണ്ടായി. പിന്നീട് റിവ്യൂ ഹർജി വിചാരണ ചെയ്യുവാൻ കോടതിക്ക് അധികാരമുണ്ടെന്ന് ഹൈക്കോടതിയുടെ അഞ്ചംഗബഞ്ച് 1949 ജൂൺ 29-ാം തീയതി വിധിക്കുകയുണ്ടായി. തുടർന്ന് തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം തിരു-കൊച്ചി ഹൈക്കോടതിയിൽ റിവ്യൂ ഹർജി വാദം നടന്നു. എന്നാൽ മൂന്നംഗ ഫുൾ ബഞ്ചിൽ നിന്നും 1951 ഡിസംബർ 21-ാംതീയതി ഹർജി തള്ളുകയുണ്ടായി. ഇതിനെതിരെ 1952 ഏപ്രിൽ 14-ാംതീയതി സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ കൊടുത്തു. 1954 മെയ് 21-ന് അപ്പീൽ അനുവദിക്കുകയും പാത്രിയർക്കീസ് വിഭാഗം ഹൈക്കോടതിയിൽ കൊടുത്തിരുന്ന എല്ലാ പോയിൻറുകളിലും വീണ്ടും വാദം കേൾക്കുവാൻ സുപ്രീംകോടതി നിർദ്ദേശിക്കുകയുമുണ്ടായി. തിരു-കൊച്ചി ഹൈക്കോടതി 1956 സെപ്റ്റംബർ 15-ാം തീയതി മുതൽ ഒക്ടോബർ ആദ്യ ആഴ്ചവരെ വീണ്ടും വാദം കേൾക്കുകയും, വിധി പറയുന്നതിന് മാറ്റിവയ്ക്കുകയും ചെയ്തു. 1956 നവംബർ 1-ാം തീയതി കേരളസംസ്ഥാന രൂപീകരണത്തോടുകൂടി കേരള ഹൈക്കോടതി നിലവിൽ വരുകയും ഡിസംബർ മാസത്തിൽ കേരള ഹൈക്കോടതി കേസ് വീണ്ടും പരിഗണിക്കുകയും ചില ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. പാത്രിയർക്കീസ് ഭാഗത്തെ വാദങ്ങൾ സ്വീകരിച്ചുകൊണ്ട് 1956 ഡിസംബർ 31-ാം തീയതി കേരള ഹൈക്കോടതിയിൽ നിന്നും വിധിയുണ്ടാകുകയും ചെയ്തു.

ഇതിനെ തുടർന്നാണ് സുപ്രീംകോടതിയിൽ കാതോലിക്കാപക്ഷം അപ്പീൽ സമർപ്പിക്കുകയും 1958 സെപ്റ്റംബർ 12-ാം തീയതി, ചീഫ് ജസ്റ്റീസ് എസ്.ആർ. ദാസ്, ജസ്റ്റീസുമാരായ പി.എൻ. ഭഗവതി, ബി.പി. സിൻഹ, കെ.സുബറാവു, കെ.എൻ. വാഞ്ചു എന്നിവരടങ്ങിയ ഭരണഘടനാ ബഞ്ചിൽ നിന്നും കാതോലിക്കാപക്ഷത്തിന് അനുകൂലമായി, ചരിത്രപ്രസിദ്ധമായ വിധി പ്രഖ്യാപിക്കുകയും ചെയ്തത്. ഇതുമൂലം കേരള ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തുകയും കോട്ടയം ജില്ലാക്കോടതി വിധി പുനഃസ്ഥാപിക്കുകയും ചെയ്യുകയാണുണ്ടായത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. കൂടാതെ എല്ലാ കോടതികളിലെയും ചെലവുകൾ വാദികളായ പാത്രിയർക്കീസ് പക്ഷം പ്രതികളായ കാതോലിക്കാപക്ഷത്തിന് നൽകുവാനുമാണ് ഉത്തരവുണ്ടായത്. ഈ വിധി റിവ്യൂ ചെയ്യുവാൻ പാത്രിയർക്കീസ് പക്ഷം സുപ്രീംകോടതിയിൽ അപേക്ഷ നൽകിയെങ്കിലും ഹർജി തള്ളപ്പെടുകയും ചെയ്തു.



സുപ്രീംകോടതിയുടെ വിധിയുടെ വെളിച്ചത്തിൽ മലങ്കരസഭയിൽ സമാധാനം കൈവന്നു. 1958 ഡിസംബർ 16-ാം തീയതി അന്നത്തെ പാത്രിയർക്കീസ് യാക്കൂബ് ത്രിതീയൻ, മലങ്കര മെത്രാപ്പോലീത്താ കൂടിയായ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കോസിനെ സ്വീകരിച്ചു. കാതോലിക്കോസ് പാത്രിയർക്കീസിനെയും പാത്രിയർക്കീസ് കക്ഷിയിലെ മെത്രാന്മാരേയും സഭാ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിച്ചു. തുടർന്ന് പന്ത്രണ്ട് വർഷം മലങ്കരസഭ ഒന്നായി തുടർന്നുവന്നു എന്നു വേണം പറയുവാൻ. 1964-ൽ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പിൻഗാമിയായി ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവയെ പാത്രിയർക്കീസിൻെറ സഹകരണത്തോടുകൂടി വാഴിച്ചു. 1970 ഡിസംബർ 31-ാം തീയതി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗം കൂടി കാതോലിക്കയുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. ഇന്ന് പാത്രിയർക്കീസ് പക്ഷമെന്നും കാതോലിക്കാപക്ഷമെന്നും പറയപ്പെടുന്ന രണ്ടു വിഭാഗത്തുള്ളവരും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു എന്നതും പ്രാധാന്യമർഹിക്കുന്നു.

1995 ജൂൺ 20-ാം തീയതിയിലെ സുപ്രീം കോടതി വിധിയിൽ തന്നെ പറഞ്ഞിട്ടുള്ളതുപോലെ 1971 ജനുവരി 1-ാം തീയതിക്ക് ശേഷം അതായത് രണ്ടു വിഭാഗക്കാരും ചേർന്ന് കൂടി മലങ്കര അസോസ്യേഷനിൽ പങ്കെടുത്ത ശേഷം മാത്രമാണ് പാത്രിയർക്കീസ് വിഭാഗം സഭയിൽ പിളർപ്പുണ്ടാകത്തക്ക രീതിയിൽ സഭാ ഭരണ ഘടനയക്ക് എതിരായ രീതിയിലും മറ്റും പ്രവർത്തനമാരംഭിച്ചത്.

ഭരണഘടനാവിരുദ്ധമായ പ്രവർത്തനങ്ങൾ ക്രമേണ ഊർജ്ജിതപ്പെടുകയും പാത്രിയർക്കീസ് നേരിട്ട് മെത്രാന്മാരെയും ഒരു ബദൽ കാതോലിക്കോസിനെ തന്നെയും വാഴിക്കുകയുണ്ടായി. ഇങ്ങനെ വാഴിക്കപ്പെട്ടവർക്ക് നിയമപരമായി സാധുതയില്ലെന്ന് കാതോലിക്കാപക്ഷം എടുത്തുകാട്ടുകയും അതിനായി കോടതിയെ സമീപിക്കുകയുമാണുണ്ടായത്. ക്രമേണ സഭയിൽ പിളർപ്പ് വ്യക്തമാകുകയും ഇരു വിഭാഗങ്ങളും ഇടവകപള്ളികളിൽ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്തുവന്നു.

ഒരു വിഭാഗത്തിലോ മറ്റെ വിഭാഗത്തിലോ പെട്ടവർ വ്യവഹാരങ്ങൾ ബോധിപ്പിച്ചുതുടങ്ങി. ടി കേസുകൾ വിചാരണ ചെയ്യുന്നതിന്, എറണാകുളത്ത് ഒരു അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതി സ്ഥാപിക്കപ്പെടുകയും ചെയ്തു. ടി കോടതി ഏതാനും കേസുകൾ വിധിച്ചു. അവയുടെമേൽ അപ്പീലുകൾ ബോധിപ്പിക്കപ്പെട്ടു. എന്നാൽ സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം ഒന്നിച്ചു വിസ്തരിക്കപ്പെട്ട എട്ടു കേസുകൾ കേരള ഹൈക്കോടതിയിലേക്ക് മാറ്റി. 1980 ജൂൺ 6-ാം തീയതി ടി കേസുകൾ ജസ്റ്റീസ് റ്റി. ചന്ദ്രശേഖരമേനോൻ ഒരു

പൊതു വിധി പ്രസ്താവിച്ച് തീർച്ച ചെയ്തു. പ്രസ്തുത വിധിക്കെതിരെ അപ്പീലുകൾ സമർപ്പിക്കപ്പെട്ടു. കാതോലിക്കാപക്ഷം സമർപ്പിച്ച അപ്പീലുകൾ അനുവദിച്ചുകൊണ്ട് ജസ്റ്റീസ് യു.എൽ. ഭട്ട്, ജസ്റ്റീസ് പി.കെ. ബാലനാരായണമാരാർ എന്നിവരടങ്ങിയ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് 1990 ജൂൺ 1-ാം തീയതി കാതോലിക്കാപക്ഷത്തിന് അനുകൂലമായി ഏകകണ്ഠമായി വിധി പ്രഖ്യാപിക്കുകയുണ്ടായി.

ഈ വിധിയെ ചോദ്യം ചെയ്തുകൊണ്ട് പാത്രിയർക്കീസ് പക്ഷം സുപ്രീംകോടതിയിൽ സമർപ്പിച്ച അപ്പീലിന്മേലാണ് 1995 ജൂൺ 20-ാം തീയതി കാതോലിക്കാപക്ഷത്തിന് അനുകൂലമായി തീർപ്പു കല്പിച്ചുകൊണ്ട് വിധിയുണ്ടായിട്ടുള്ളത്.

## വിധിയുടെ ഒരു വിശകലനം

വിധിയിലെ തീരുമാനങ്ങൾ ഓരോന്നായി പരിഗണിക്കാവുന്നതാണ്. ഭൂരിപക്ഷ വിധിയിൽ അവസാനം 10 വിഷയങ്ങൾ അക്കമിട്ട് എടുത്തുപറഞ്ഞ് തീർപ്പുകല്പിച്ചിട്ടുള്ളത് അതേ ക്രമത്തിൽ തന്നെ താഴെ ചേർക്കുന്നു.

A - എന്നത് പ്രീസൈഡിംഗ് ജഡ്ജിയുടെ വിധിയും

B - എന്നത് ഭൂരിപക്ഷ വിധിയും.

അതിനുശേഷം വിധിയുടെ വെളിച്ചത്തിൽ എടുത്തു പറയേണ്ട പ്രധാന കാര്യങ്ങളുമാണ് കൊടുത്തിട്ടുള്ളത്.

## III പ്രധാനപ്പെട്ട പത്തു വിഷയങ്ങൾ

### 1. കാനോൻ

**A** പാത്രിയർക്കീസ് പക്ഷം സമർപ്പിച്ച ഹൂദായ കാനോൻ ആധികാരികമായതല്ല എന്ന് പ്രസ്താവിച്ചിട്ടുണ്ട്.

"The Hudaya Canon produced by the Patriarch is not the authentic version" [Page 163]

**B** 1958-ലെ സുപ്രീംകോടതി വിധിയ്ക്കുശേഷം കോടതി അംഗീകരിച്ച പ്രകാരമുള്ള സംഭവവികാസങ്ങളുടെയും അവയുടെ പരിണിതഫലത്തിന്റെയും വെളിച്ചത്തിൽ ഏതു കാനോനാണ് ശരിയായിട്ടുള്ളതെന്നുള്ള വിഷയത്തിലേയ്ക്ക് യഥാർത്ഥത്തിൽ കടക്കേണ്ട ആവശ്യമേയില്ലെന്ന് പറയുന്നുണ്ട്.

"It is really unnecessary for us to go into this question since it has lost all significance in view of the subsequent developments and their effect, as accepted by us" [Page 70]

* * *

സമുദായക്കേസിന്റെ തുടക്കത്തിൽ തന്നെ അതായത് 1943-ലെ കോട്ടയം ജില്ലാ കോടതിയുടെ വിധിയിൽ തന്നെ കാതോലിക്കാപക്ഷത്തിന്റെ



കാനോൻ അംഗീകരിച്ചിട്ടുള്ളതാണ്. 1934-ലെ സഭാ ഭരണഘടന സുപ്രീംകോടതി അംഗീകരിക്കുകയും ചെയ്യുന്നതിനാൽ പ്രസ്തുത ഭരണഘടനയിൽ പറഞ്ഞിട്ടുള്ള കാതോലിക്കാ പക്ഷത്തിന്റെ കാനോൻ അംഗീകരിച്ചിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.

**സഭാ ഭരണഘടന അദ്ധ്യായം 1 വകുപ്പ്-5**

''ഈ സഭ അംഗീകരിച്ചിരിക്കുന്ന കാനോൻ ബാർ എബ്രായയാൽ എഴുതപ്പെട്ട ഹൂദായ കാനോൻ ആകുന്നു. (1898-ാമാണ്ട് പാരീസ് പട്ടണത്തിൽ അച്ചടിച്ചിട്ടുള്ളത് ഈ കാനോൻ തന്നെയാണ്)''

* * *

### 2. കാതോലിക്കാ സ്ഥാപനം

**A** 1912-ൽ മലങ്കരയിൽ അബ്ദൽ മിശിഹാ പാത്രിയർക്കീസിനാൽ സ്ഥാപിക്കപ്പെട്ട കിഴക്കിന്റെ കാതോലിക്കാസ്ഥാപനത്തെപ്പറ്റി മുമ്പ് സുപ്രീംകോടതി തന്നെ തീർപ്പ് കല്പിച്ചിട്ടുള്ളത് ഇനിയും പുനഃപരിശോധനാവിധേയമല്ല.എന്നാണ് പറഞ്ഞിട്ടുള്ളത്.

Findings - Final and operate as res judicata

"The Catholicate of the East was created in Malankara in 1912." [Page 162]

**B** പാത്രിയർക്കീസിന്റെ കല്പന അക്കം A-14-ൽ കാതോലിക്കോസിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും എടുത്തുപറഞ്ഞിട്ടുണ്ട്. കൂടാതെ 1958-ലെ സുപ്രീംകോടതിവിധിയ്ക്കു ശേഷമുള്ള അവരുടെ പ്രവൃത്തികളും നടപടികളും മൂലം ഈ കേസിലെ പ്രതികൾക്ക് (പാത്രിയർക്കീസ്പക്ഷം) അക്കം A-14 നെയോ, കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തിന്റെ സാധുതയോ ഇപ്പോൾ ചോദ്യം ചെയ്യാവുന്നതല്ല.

"The Catholicate was revived and re-established by Patriarch Abdul Messiah in the year 1912. The powers and functions of the Catholicos are set out in Ex A-14. More over by virtue of their acts and conduct subsequent to the judgement of this Court (in A.I.R 1959 SC.(1), the defendants in the present suit (ie. the members of the Patriarch group) cannot now dispute the validity of the revival of the Catholicate or of Ex A-14." [Page 70-71]

* * *

ഇതിന്റെ അർത്ഥം വ്യക്തമാണ്. 1921-ൽ മലങ്കരയിൽ സ്ഥാപിക്കപ്പെട്ട കാതോലിക്കാസ്ഥാപനം ന്യൂനതയില്ലാത്തതും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതുമായ ഒരു ചരിത്രസത്യമാണ്.

* * *

### 3. പാത്രിയർക്കീസിനുള്ള അധികാരം

**A** പാത്രിയർക്കീസിന് യാതൊരുവിധ ലൗകിക അധികാരങ്ങളും പള്ളികളുടെ മേൽ ഇല്ല.

മലങ്കരയിൽ കാതോലിക്കാസ്ഥാപനം സൃഷ്ടിച്ചതിന്റെയും 1934-ലെ ഭരണഘടനയുടെയും വെളിച്ചത്തിൽ പാത്രിയർക്കീസിന് ആത്മീയ അധികാരവും ഭരണഘടനപ്രകാരം മാത്രം ഉള്ളതാണെന്ന് വ്യക്തമാക്കുന്നുണ്ട്.

"The Patriarch of Antioch has no temporal powers over the churches". [Page 162]

"Effect of the creation of Catholicate at Malankara and 1934 Constitution is that the Patriarch can exercise spiritual powers subject to the Constitution." [Page 162]

**B** മറ്റൊരധികാരകേന്ദ്രം പാത്രിയർക്കീസ് തന്നെ മലങ്കരയിൽ സൃഷ്ടിച്ചതിന്റെ വെളിച്ചത്തിൽ അതിനുശേഷം പാത്രിയർക്കീസിനുതന്നെ ഏകപക്ഷീയമായി, അതായത് കാതോലിക്കോസുമായി ആലോചിക്കാതെ, അധികാരവിനിയോഗം നടത്താവുന്നതല്ല എന്ന് തീരുമാനിക്കുന്നത് ന്യായയുക്തമാണ്. കൂടാതെ മെത്രാപ്പോലീത്തായായോ, മലങ്കരമെത്രാപ്പോലീത്തായായോ നിയമിക്കപ്പെടേണ്ടവർ ജനങ്ങൾക്ക് സ്വീകാര്യമായവരും ആയിരിക്കണം. മെത്രാപ്പോലീത്താമാരെ വാഴിക്കുന്നതിനുള്ള പാത്രിയർക്കീസിന്റെ അധികാരം 1934-ലെ ഭരണഘടനയ്ക്ക് വിധേയമാണ്.

"But in view of the fact that he had himself created another centre of power in India with the aforesaid powers, it would be reasonable to hold that thereafter the Patriarch cannot exercise those powers unilaterally, ie., without reference to the Catholicos. He can exercise those powers only in consultation with the Catholicos. More over the person to be appointed as Metropolitan or Malankara Metropolitan, has to be accepted by the people as has been affirmed in the judgement in seminary suit. The Patriarch's power to ordain the Metropolitans now is subject to the Constitution of 1934".[Page 71]

* * *

മലങ്കരസഭയ്ക്കുവേണ്ടി പാത്രിയർക്കീസിന് മെത്രാന്മാരെ വാഴിക്കുന്നതിനുള്ള വ്യവസ്ഥകൾ സഭാഭരണഘടനയിലില്ല. പാത്രിയർക്കീസിന് നേരിട്ട് മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അധികാരം ഇല്ല. മലങ്കര അസോസ്യേഷൻ തെരഞ്ഞെടുത്ത് പരിശുദ്ധ സുന്നഹദോസ് അംഗീകരിക്കുന്നവരെ കാതോലിക്കോസ് ആവശ്യപ്പെടുന്നു എങ്കിൽ കാതോലിക്കോസിന്റെ സഹകരണത്തോടുകൂടി മലങ്കരയിൽ മെത്രാന്മാരായി വാഴിക്കാമെന്നു മാത്രം വരുന്നതാണ്.

* * *



### 4. പാത്രിയർക്കീസും കാതോലിക്കോസും തമ്മിലുള്ള ബന്ധം

**A** പാത്രിയർക്കീസിന്റെ ആത്മീയ അധികാരം ഭരണഘടനാപ്രകാരം കാതോലിക്കായ്ക്ക് വിനിയോഗിക്കാവുന്നതാണ്.

രണ്ട് ആത്മീയ മേധാവികളായ അന്തോഖ്യയുടെ പാത്രിയർക്കീസും കിഴക്കിന്റെ കാതോലിക്കായും തമ്മിലുള്ള ബന്ധം-ഒരാൾ മറ്റൊരാൾക്ക് ഉന്നതനോ, കീഴ്സ്ഥാനിയോ അല്ല. എന്നാൽ രണ്ടുപേരും സ്വതന്ത്രരായ ആത്മീയ അധികാരികളാണ്. അവരിൽ പ്രധാനി പാത്രിയർക്കീസും.

"The spiritual powers of the Patriarch of Antioch can be exercised by the Catholicos in accordance with the Constitution" [Page 162-163]

"Relationship between the two spiritual superiors, that is the Patriarch of Antioch and the Catholicos of the East at Malankara is neither of superior nor subordinate but of two independent spiritual authorities with Patriarch at the highest in the hierarchy". [Page 166]

**B** കാതോലിക്കേറ്റ് പുനഃസ്ഥാപിക്കപ്പെട്ടതുമൂലവും അക്കം A-14 കല്പനമൂലവും 1934-ലെ ഭരണഘടന അംഗീകരിച്ചതുമൂലവും, പാത്രിയർക്കീസിന്റെ അധികാരം ശൂന്യതയിലേയ്ക്ക് എത്തത്തക്കവണ്ണം കുറയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹം മലങ്കരസഭ ഉൾപ്പെട്ട സിറിയൻ സഭയുടെ പ്രധാന തലവനായി തുടരുന്നു. പാത്രിയർക്കീസിന് ഒരിക്കലും മലങ്കരസഭയുടെ മേലോ, അതിന്റെ സ്വത്തുക്കളുടെമേലോ, ലൗകികാധികാരങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോഴും ഇല്ല. എന്നാൽ അദ്ദേഹം കാതോലിക്കോസിനെക്കാൾ മുൻപനാണ്.

"It may be that by virtue of the revival of catholicate and by issuing the Kalpana Ex A-14 and also by accepting the 1934 constitution (as to be mentioned presently) the power of the Patriarch may have been reduced to a vanishing point but all the same he remains the supreme head of the Syrian Church of which the Malankara Church is a division. He is spiritually superior to the Catholicos though he does not and indeed never did, enjoy any temporal powers over the Malanakara Church or its properties". [Page 71-72]

* * *

പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും സ്ഥാനങ്ങളെപ്പറ്റിയും മറ്റും സഭാ ഭരണഘടനയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്.

പാത്രിയർക്കീസും കാതോലിക്കോസും തമ്മിലുള്ള ബന്ധം-സമന്മാരിൽ പ്രധാനി പാത്രിയർക്കീസ് എന്നു മാത്രം.

Catholicos is equal in rank with the Patriarch, though the latter has his position as "Primus Interpares" ie first among equals -എന്നാണ് സഭ അംഗീകരിക്കുന്നത്.

* * *

## 5. സഭാ ഭരണഘടന

**A** 1934-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ പാസ്സാക്കിയതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ സഭാഭരണഘടന സാധുവായതാണെന്ന് തീർപ്പു കല്പിക്കപ്പെട്ടുള്ളതിനാൽ അത് പുനഃപരിശോധനാവിധേയമല്ല. ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

Findings'Final and operate as res judicata

"The constitution framed in 1934 by Malankara Association is valid". [Page 162]

**B** മുളന്തുരുത്തി സുന്നഹദോസിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പാത്രിയർക്കീസിനാൽ തന്നെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും ശരിയായ രീതിയിൽ വിളിച്ചുകൂട്ടപ്പെട്ടിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ മലങ്കര അസോസ്യേഷൻെറ ഒരു യോഗത്തിൽ പാസ്സാക്കിയിട്ടുള്ളതാണ്, 1934-ലെ സഭാ ഭരണഘടന. അതിൻെറ നിയമ പ്രാബല്യത്തെപ്പറ്റിയോ, സാധുതയെപ്പറ്റിയോ 1958-ലെ സുപ്രീംകോടതിവിധിയ്ക്കുശേഷമുണ്ടായ പ്രവർത്തനങ്ങളുടെയും നടപടികളുടെയും വെളിച്ചത്തിൽ ഈ കേസിലെ പ്രതികൾക്ക് (പാത്രിയർക്കീസ് വിഭാഗം) ചോദ്യം ചെയ്യുന്നതിന് അർഹതയില്ല.

"The 1934 constitution was approved at a validly convened meeting of Malankara Association, which Association was created by the Patriarch himself under the Resolutions of Mulanthuruthy Synod. The defendants in the present Suits (Patriarch group) cannot question its legality and validity in view of the act and conduct of the Patriarch and the members of his group subsequent to the judgement of this court in A.I.R. 1959 SC. 31." [Page 72]

* * *

1934-ലെ മലങ്കര അസോസ്യേഷൻ പാസ്സാക്കിയതും 1951-ലും 1967-ലും ഭേദഗതികൾ വരുത്തിയിട്ടുള്ളതുമായ സഭാഭരണഘടന നിയമസാധുതയുള്ളതും മലങ്കരസഭയ്ക്ക് മുഴുവനും ബാധകമായിട്ടുള്ളതുമാണെന്ന് വ്യക്തമാണ്.

ഭരണഘടനയുടെ 71-ാം വകുപ്പ് മാത്രമാണ് ഭേദഗതി ചെയ്യുന്നതിന് രണ്ട് ജഡ്ജിമാരുടെ വിധിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. മലങ്കര അസോസ്യേഷനിലേയ്ക്കുള്ള ഇടവകപള്ളികളുടെ പ്രാതിനിധ്യം കൂടുതൽ മെച്ചമാക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ നിർദ്ദേശം.

* * *



## 6. 1912-ലെ കാതോലിക്കേറ്റ് പുനഃസ്ഥാപനവും 1934-ലെ സഭാ ഭരണഘടനയും

**A** 1912-ൽ കാതോലിക്കേറ്റ് സ്ഥാപിച്ചതും 1934-ൽ ഭരണഘടന ഉണ്ടാക്കിയതും എല്ലാം പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ട്. കാതോലിക്കാപക്ഷം സഭയ്ക്ക് ഇതരരാകുകയോ, വേറൊരു സഭ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല എന്നത് തീർപ്പ് കല്പിക്കപ്പെട്ടിട്ടുള്ളതാണ്. ഇനിയും അത് പുനഃപരിശോധനാവിധേയമല്ല.

Findings-Final-and operate as res judicata

"The Catholicos were not heretics nor they had established separate Church." [Page 162]

**B** കാതോലിക്കേറ്റിൻെറ പുനഃസ്ഥാപനവും-അക്കം A -14 കല്പനയും, 1934-ലെ ഭരണഘടനയും 1958-ലെ സുപ്രീംകോടതിയുടെ തീരുമാനങ്ങളും എല്ലാം പൂർണ്ണമായി അറിഞ്ഞുകൊണ്ടുതന്നെയാണ് യാക്കോബ് പാത്രിയർക്കീസ് അക്കം A -19 കല്പന പുറപ്പെടുവിച്ചിട്ടുള്ളത്. അതിനാൽ പാത്രിയർക്കീസ് ഇതെല്ലാം അംഗീകരിച്ചിട്ടുള്ളതും അവ സംബന്ധിച്ചുള്ള ആക്ഷേപങ്ങളെല്ലാം പിൻവലിച്ചിട്ടുള്ളതുമാണെന്ന് കരുതണം. അദ്ദേഹത്തിൻെറ പക്ഷത്തുള്ള പലരും ഈ കേസിലെ ചില പ്രതികളുംപ്പെടെയുള്ളവർ ഭരണഘടന അംഗീകരിച്ച് സ്വീകരിച്ച് അതിനനുസരണമായി പ്രവർത്തിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയെടുത്തിട്ടുള്ളവരുമാണ്. അവർക്ക് ഇനിയും പിന്തിരിഞ്ഞ് ഇവയെ ചോദ്യം ചെയ്യാവുന്നതല്ല.

"It must therefore be held that the Patriarch has thereby accepted the validity of the revival of Catholicate, Ex A-14 and the 1934 constitution and gave up all or any objections they had in that behalf. Several members of this group including some of the defendants also accepted the Constitution and took oath to abide by it. They cannot now turn round and question the same" [Page 72-73]

* * *

1912-ൽ മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റും 1934-ൽ പാസ്സാക്കിയിട്ടുള്ള സഭാ ഭരണഘടനയും എല്ലാം നിയമസാധുതയുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. പാത്രിയർക്കീസും പാത്രിയർക്കീസ് കക്ഷികളും ഇത് അംഗീകരിച്ചിട്ടുള്ളതാണ്. ഇവയൊന്നും ഇനിയും ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

* * *

### 7. വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനവും ''പരിശുദ്ധ'' എന്ന ബഹുമാനസൂചകമായ പദവും

A വിധിയുടെ 83 മുതൽ 88 വരെയുള്ള പേജുകളിൽ ഇവയെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വിശുദ്ധ മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായം 27, 28 വാക്യങ്ങാം ഉദ്ധരിച്ച് എല്ലാ അപ്പോസ്തലന്മാർക്കും സിംഹാസനമുള്ളതിനാൽ വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം എന്നു പറയുന്നതിൽ തെറ്റില്ലെന്നാണ് പറഞ്ഞിട്ടുള്ളത്.

''പത്രോസ് അവനോട് ഞങ്ങാം സകലവും വിട്ട് നിന്നെ അനുഗമിച്ചുവല്ലോ, ഞങ്ങാംക്ക് എന്തു കിട്ടും എന്ന് ചോദിച്ചു. യേശു അവരോട് പറഞ്ഞത് എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങാം പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോഠം നിങ്ങളും പന്ത്രണ്ട് സിംഹാസനത്തിൽ ഇരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു''. (വി. മത്തായി 19: 27-28)

1934-ൽ പോലും സഭാഭരണഘടന പാസ്സാക്കിയതായ എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനുവേണ്ടി അയച്ച നോട്ടീസിൽ തന്നെ ''വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ കിഴക്കിന്റെ സിംഹാസനം'' എന്ന് പറഞ്ഞിട്ടുള്ളതാണ്.

കൂടാതെ സഭകളുടെ ആത്മീയ മേലദ്ധ്യക്ഷന്മാർ ഒരാഠം മറ്റൊരാഠംക്ക് കീഴ്പ്പെട്ടവനല്ല എന്നും പറയുന്നുണ്ട്.

"The concept of subordinate among such spiritual heads is out of place. They function in their own sphere according to religious canon". [Page 88]

B മലങ്കര സുന്നഹദോസിന്റെ കാനോനിക ക്ഷണം സ്വീകരിച്ച് പാത്രിയർക്കീസ് ഇവിടെ വന്ന്, 1964 മെയ് 22-ാം തീയതി കാതോലിക്കോസിനെ വാഴിച്ചതോടെ ഇവയെപ്പറ്റിയുള്ള ആക്ഷേപങ്ങാം പിൻവലിച്ച് ഉപേക്ഷിച്ചതായി പരിഗണിക്കാവുന്നതാണ്.

കൂടാതെ പ്രസ്തുത കാതോലിക്കാവാഴ്ചയ്ക്ക് മുമ്പായി പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും അധികാരപരിധി ക്ലിപ്തപ്പെടുത്തുവാൻ ശ്രദ്ധിച്ചു എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

"The patriarch must be deemed to have given up and abandoned all those objection when he came to India pursuant to a canonical invitation from the Malankara Synod and installed and consecrated the new Catholicos on May 22, 1964. It is also worth noticing that a day before such installation/consecration, the Patriarch took care to have the territorial jurisdiction of Catholicate duly defined and de-limited by excluding



certain areas in the Middle East from the jurisdiction of the Catholicos". [Page 73]

* * *

ഇവയിൽ നിന്നും മനസ്സിലാകുന്നത് പാത്രിയർക്കീസും കാതോലിക്കോസും പ്രത്യേക അധികാരസീമകളുള്ള സ്വതന്ത്ര ഭരണാധികാരികളാണെന്നും പാത്രിയർക്കീസിനെപ്പോലെതന്നെ കാതോലിക്കോസിനും ബഹുമാന പദവികഠം അനുവദനീയമാണെന്നുമാണ്.

''വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും'' എന്നു പറയുന്നതിൽ തെറ്റില്ല എന്നു കാണാം.

പാത്രിയർക്കീസിനെ "His Holiness" എന്ന് പറയുന്നതുപോലെ കാതോലിക്കോസിനെയും അപ്രകാരം പറയാവുന്നതാണ് എന്നു വ്യക്തം.

ഈ അവസരത്തിൽ ഒരു കാര്യം എടുത്തു പറയേണ്ടതുണ്ട്. പൗരസ്ത്യ സഭയെ കാതോലിക്കേറ്റായി ഉയർത്തിയത് എല്ലാ സഭകളുടെയും മാതാവായ യെറുശലേം സഭയിൽവെച്ച് യെറുശലേം സുന്നഹദോസാണ്- AD-231-ൽ.

അതായത് AD 325-ൽ രൂപംകൊണ്ട പാത്രിയക്കേറ്റുകളെക്കാഠം 94 വർഷങ്ങാം മുമ്പാണ് കാതോലിക്കേറ്റ് ഉണ്ടായത് എന്നർത്ഥം. AD 325-ലെ നിഖ്യാ സുന്നഹദോസിലും കിഴക്കിന്റെ കാതോലിക്കേറ്റിന് അംഗീകാരമുള്ളതായി എടുത്തുപറയുന്നുണ്ട്.

* * *

### 8. മലങ്കര സഭ എപ്പിസ്കോപ്പൽ സഭയാണോ? ഇടവകപള്ളികളുടെ ഭരണം എങ്ങനെ?

A അന്തോഖ്യൻ പാത്രിയർക്കീസിന് പള്ളികളുടെ മേൽ യാതൊരു അധികാരവുമില്ല.

ഇവാഞ്ചലിക്കൽ അസോസ്യേഷൻ, സിംഹാസനപള്ളികഠം, മുതലായവ ഒഴിച്ചുള്ള എല്ലാ പള്ളികളും 1934-ലെ ഭരണഘടനപ്രകാരം ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ മലങ്കര അസോസ്യേഷന്റെ നിയന്ത്രണത്തിലാണ്.

മലങ്കര അസോസ്യേഷൻ രൂപീകരിച്ചതും കാലാകാലങ്ങളിൽ ഭേദഗതി ചെയ്തിട്ടുള്ളതുമായ ഭരണഘടനപ്രകാരം എല്ലാ പള്ളികളും ഭരിക്കപ്പെടേണ്ടതാണ്.

"All Churches except those which are of Evangelistic Association or Simhasana or St. Mary are under spiritual and temporal control of the Malankara Association in accordance with 1934 constitution [Page 163]

"The Constitution framed by the Malankara Association as amended from time to time shall govern the Churches attached to the Malankara Association". [Page 166]

**B** മലങ്കര സഭ എപ്പിസ്കോപ്പലാണെന്നുള്ള പ്രഖ്യാപനത്തെ സംബന്ധിച്ച് 1934-ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളടത്തോളം. അത് എപ്പിസ്കോപ്പലാണെന്നു മാത്രമെ തീരുമാനിക്കേണ്ടതുള്ളു എന്നാണ് പറഞ്ഞിരിക്കുന്നത്.

പ്രസ്തുത ഭരണഘടന ഇടവകപള്ളികളുടെ കാര്യങ്ങളെ ഭരിക്കുന്നതും അത് നിലനിൽക്കുന്നതുമാണ്.

"So far as the declaration of the Malankara Church being Episcopal in Character is concerned, all we need hold is that it is episcopal to the extent it is so declared in the 1934 Constitution. The said Constitution also governs the affairs of the Parish Churches and shall prevail." [Page 73]

★ ★ ★

1934-ലെ സഭാഭരണഘടനയിൽ ഇടവക പള്ളികളുടെ ഭരണത്തെപ്പറ്റി വ്യക്തമായി പറയുന്നുണ്ട്. 1934-ലെ ഭരണഘടന എല്ലാ ഇടവകപള്ളികൾക്കും ബാധകമാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

അദ്ധ്യായം രണ്ട് - പള്ളി ഇടവക

A - ഇടവകയോഗം-വകുപ്പുകൾ 6 മുതൽ 23 വരെ

B - ഇടവക മാനേജിംഗ് കമ്മറ്റി-വകുപ്പുകൾ 24 മുതൽ 31 വരെ

C - കൈക്കാരൻ-വകുപ്പുകൾ 32 മുതൽ 37 വരെ

D - വികാരി - വകുപ്പുകൾ 38 മുതൽ 44 വരെ

ഇടവക പള്ളികളുടെ മേൽ കാതോലിക്കായ്ക്കും മലങ്കര മെത്രാപ്പോലീത്തായ്ക്കും ഉള്ള അധികാരങ്ങളെപ്പറ്റിയും ഭരണഘടന വ്യക്തമായി പറയുന്നുണ്ട്.

★ ★ ★

## 9. കാതോലിക്കോസിൻെറ മുടക്ക്

**A** ഹൂദായ കാനോനിൽ കാതോലിക്കായെ മുടക്കുവാനുള്ള അധികാരം പാത്രിയർക്കീസിനില്ല.

കാതോലിക്കായെ പാത്രിയർക്കീസ് മുടക്കിയത് അസാധുവാണ്.

പാത്രിയർക്കീസ് പക്ഷം ഹാജരാക്കിയ കാനോനിൽപ്പോലും കാതോലിക്കായെ മുടക്കുവാൻ പാത്രീയർക്കീസിന് അധികാരമുണ്ടെന്ന് പറഞ്ഞിട്ടില്ല.

"There is no power in the Hudaya canon to ex-communicate Catholicos". [Page163]



"The ex-communication of the Catholicos by the Patriarch was invalid". [Page163]

"Even otherwise there is no power in Canon produced by the Patriarch for ex-communicating a Catholicos". [Page 109]

**B** കാതോലിക്കോസിനെ മുടക്കുവാൻ ആധാരമായി സ്വീകരിച്ച കാരണങ്ങൾ അനുവദനീയമോ പ്രസക്തമോ അല്ലാത്തതിനാൽ പാത്രിയർക്കീസോ ആകമാന സുന്നഹദോസോ കാതോലിക്കോസിനെ മുടക്കിയത് അസാധുവാണ്.

"The ex-communication of Catholicos by the Patriarch and/or by the Universal Synod is invalid for the reason that the grounds/charges on which the ex-communication has been effected are not permissible or relevant grounds". [Page 74]

★ ★ ★

1876-ലെ മുളന്തുരുത്തി സുന്നഹദോസു മുതൽ 1912-ലെ കാതോലിക്കാസ്ഥാപനം വരെയുള്ള ചരിത്രം നോക്കിയാലും കിഴക്കിൻെറ കാതോലിക്കേറ്റ് അന്ത്യോഖ്യയിലെ പേട്രിയാർക്കേറ്റിൻെറ കീഴിലായിരുന്നില്ലെന്ന് കാണാം. കാതോലിക്കായുടെ മുടക്ക് കാനോനികമായോ, പാരമ്പര്യാനുസരണമായോ ഭരണഘടനാ പ്രകാരമോ ആയിരുന്നില്ല എന്നു കാണാം. കാതോലിക്കായും പാത്രിയർക്കീസും സമന്മാരായിരിക്കുകയും പാത്രിയർക്കീസിന് മലങ്കരയിൽ 1934-ലെ ഭരണഘടനപ്രകാരമുള്ള അധികാരം മാത്രം ഉണ്ടായിരിക്കുകയും കാനോനിൽ പോലും കാതോലിക്കായെ മുടക്കുവാനുള്ള വ്യവസ്ഥ ഇല്ലാതിരിക്കുകയും ചെയ്യുന്നതിനാൽ പാത്രിയർക്കീസ് കാതോലിക്കായെ മുടക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ലെന്നു കാണാം.

★ ★ ★

## 10. സമുദായം വക സ്വത്തുക്കൾ

**A** 1934-ലെ ഭരണഘടന അംഗീകരിക്കപ്പെട്ടതാകയാൽ സഭാസ്വത്തുക്കളുടെ നിയന്ത്രണം അതിൻ പ്രകാരം ആയിരിക്കുന്നതാണ്.

"The constitution framed in 1934 by Malankara Association is valid." [Page 162]

**B** മലങ്കരസഭയുടെ കീഴിലുള്ള സമുദായം വക സ്വത്തുക്കൾ 1958-ലെ സുപ്രീംകോടതി വിധിയിൽ പറഞ്ഞിട്ടുള്ളപ്രകാരം മലങ്കര മെത്രാപ്പോലീത്തായിലും മറ്റുള്ളവരിലും നിക്ഷിപ്തമാണ്.

"The common properties (Samudayam preperties) held by the Malankara Church are vested in Malankara Metropolitan and others as declared in the Judgement of this court in A.I.R. 1959 SC 31 ." [Page 74]

★ ★ ★

1934-ലെ ഭരണഘടനയിൽ അദ്ധ്യായം 4 വകുപ്പുകൾ 91, 92, 93-ൽ സമുദായ ട്രസ്റ്റികളായി മലങ്കര മെത്രാപ്പോലീത്തായോടുകൂടി കൂട്ടു ട്രസ്റ്റികളായി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നവരെപ്പറ്റി പറഞ്ഞിട്ടുണ്ട്.

* * *

## IV മറ്റു തർക്കവിഷയങ്ങൾ

### 1. സിംഹാസനപള്ളികൾ പൗരസ്ത്യ സുവിശേഷസംഘം, സെൻറ് ആൻറണീസ് ചർച്ച്, മാംഗളൂർ എന്നിവയെപ്പറ്റി

**A** കേരള ഹൈക്കോടതിവിധി ശരിവച്ചിരിക്കുകയാണ്. സിംഹാസനപള്ളികൾ പൗരസ്ത്യ സുവിശേഷസംഘം, സെൻറ് ആൻറണീസ് ചർച്ച്, മാംഗളൂർ എന്നിവയ്ക്ക് 1934-ലെ ഭരണഘടന ബാധകമല്ല. ഇവ മലങ്കര സഭയുടെ കീഴിൽ വരുന്നില്ല.

"Simhasanam Churches are not constituent units of Malankara Church and the Malankara Sabha has no sort of jurisdiction over them." [OS 5/79 Kerala High Court-1-6-1990]

"Since these Churches are not part of Malankara Sabha, Catholicos or the Metropolians under him canot have any jurisdiction over the Churches of the Samajam." [OS 4/79; OS 6/79 Kerala High Court 1-6-1990]

"There is no evidence adduced to show that this Church or Society ever came under the jurisdiction of Malankara Church. It cannot be said that the constitution of Malankara Sabha would bind this Church" (St. Anthony's Church, Mangalore) [OS 4/79 Kerala High Court 1-6-1990]

**B** ഇവയെ സംബന്ധിച്ചിടത്തോളം കേരള ഹൈക്കോടതി വിധി നിലനിൽക്കുന്നതാണ്. ഇവ മലങ്കരസഭയുടെ കീഴിൽ വരുന്നില്ല.

"We see no grounds to depart from the concurrent findings recorded by the learned Single Judge and the Division Bench. We affirm their Judgement and decree in this behalf." [Page 81]

* * *

മലങ്കരസഭയ്ക്കും സമുദായത്തിനും പള്ളികൾക്കും ഇടവകകൾക്കും, എല്ലാം ഭരണഘടന ബാധകമാണെന്നുള്ള കേരള ഹൈക്കോടതി വിധി സിംഹാസനപള്ളികൾക്ക് ബാധകമായിരിക്കുകയില്ല. അവ മലങ്കര സഭയുടെ ഘടക യൂണിറ്റുകളല്ല. സിംഹാസനപള്ളികളെ പാത്രിയർക്കീസിൻെറ നേരിട്ടു കീഴിലുള്ള പള്ളികളായാണ് പരിഗണിച്ചുവരുന്നത്.

പൗരസ്ത്യ സുവിശേഷ സമാജം, ''സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്'' പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംഘമാണ്. സമാജംവക പള്ളികൾ



മലങ്കരസഭയുടെ ഘടകങ്ങളാകാത്തിടത്തോളം കാലം കാതോലിക്കോസിനോ മലങ്കര അസോസ്യേഷനോ മാനേജിംഗ് കമ്മറ്റിക്കോ ഈ പള്ളികളിന്മേൽ നിയമാനുസൃതമായി എന്തെങ്കിലും അധികാരം അവകാശപ്പെടാവുന്നതല്ല. കാതോലിക്കോസിന് ഈ പള്ളികളിന്മേൽ സമാജത്തിൻെറ ഭരണഘടനയ്ക്കും ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി മാത്രമേ എന്തെങ്കിലും അവകാശങ്ങൾ ഉണ്ടാകുകയുള്ളു.

സെൻറ് ആൻറണീസ് ചർച്ച് ''സെൻറ് ആൻറണീസ് എഡ്യൂക്കേഷനൽ സൊസൈറ്റി''യുടെ അധീനതയിലാണ്. ആയതിനാൽ മലങ്കരസഭാ ഭരണഘടന ഇതിന് ബാധകമല്ല.

* * *

### 2. ക്നാനായ സമുദായം

**A** കേരള ഹൈക്കോടതി വിധി ശരിവയ്ക്കുകയാൽ കേരള ഹൈക്കോടതി വിധി നിലനിൽക്കുന്നു.

അതിൻപ്രകാരം ക്നാനായ സമുദായത്തിൻെറയും ക്നാനായ മെത്രാപ്പോലീത്തായുടെയും ആത്മീയ മേലദ്ധ്യക്ഷൻ കാതോലിക്കോസ് ആയിരിക്കും. കാതോലിക്കോസിൻെറ മേൽനോട്ടത്തിലും ആത്മീയ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി ക്നാനായ മെത്രാപ്പോലീത്താ ഭരണം നടത്തിയിട്ടുള്ളതാണ്. ലൗകീക കാര്യങ്ങൾ സംബന്ധിച്ചിടത്തോളം കക്ഷികൾ ക്നാനായ ഭരണഘടനയിലെ വ്യവസ്ഥകൾ, മലങ്കരസഭാ ഭരണഘടനയുമായി പൊരുത്തപ്പെടാത്തിടത്തോളം കാലം, ക്നാനായ മെത്രാസനത്തിനും അതിലെ പള്ളികൾക്കും മലങ്കരസഭാ ഭരണഘടന, ക്നാനായ ഭരണഘടനാ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നടപ്പിലാക്കാവു.

"On the basis of our other findings it must follow that the Catholicos is the spiritual superior of Knanaya community and the Knanaya Metropolitan and the latter did function subject to the supervision and spiritual guidance of the former. In regard to the temporal matters as long as the parties do not harmonise the provisions of the Knanaya Constitution and the Constitution of the Malankara Sabha, the latter can be implemented with reference to the Knanaya Diocese and parishes, only subject to the terms of the Knanaya Constitution. The decision in OS 4/79 will be subject to this conclusion." [OS 4/79 Kerala High Court 1-6-1990]

**B** കേരള ഹൈക്കോടതി വിധി ഒരു ഭേദഗതിയോടുകൂടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. ക്നാനായ സമുദായത്തിന് പാത്രിയർക്കീസിനെ ആത്മീയ മേലദ്ധ്യക്ഷനായി സ്വീകരിക്കാവുന്നതാണ്.

ക്നാനായ സമുദായം മലങ്കരസഭയുടെ ഒരു അവിഭാജ്യഘടകമാണ്. ആയതിനാൽ 1934-ലെ ഭരണഘടന അവർക്കും ബാധകമാകുന്നതും ക്നാ

നായ സമുദായം മറ്റുവിധത്തിൽ തീരുമാനിക്കുന്നതുവരെ ക്നാനായ ഭരണഘടനയ്ക്ക് വിധേയമായി മലങ്കരസഭാഭരണഘടനപ്രകാരം ഭരണം നടത്തേണ്ടതുമാണ്.

"We are of the opinion that the decree of the Division Bench has to be affirmed but with certain modification. The modification is called for the reason that when a particular people say that they believe in the spiritual superiority, of the Patriarch and that it is an article of faith with them, the Court cannot say 'no: your spiritual superior is the Catholicos.' The guarantee of Articles 25 of the Constitution has also got to be kept in view. The decree of the Division Bench makes no difference to the Patriarch. It only says that Catholicos is declared to be the spiritual superior of the Knanaya Community. Then it says that in temporal matters, the 1934 constitution of Malankara Association can be implemented subject to the Knanaya Constitution only until both the constitutions are reconciled. In all the facts and circumstances of the case, it would be enough to declare that by thier acts and conduct D-19 has accepted that they are an integral unit with in the Malankara Church and that therefore the 1934 Constitution of the Malankara Church shall govern them but subject to their own Knanaya Constitution, until such time the Knanaya Church Samudayam decides other wise." [Page 84-85]

* * *

ക്നാനായ മെത്രാസനം പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു സ്വതന്ത്ര മെത്രാസനം അല്ലെന്നും മലങ്കരസഭയുടെ ഭാഗമാണെന്നും കേരള ഹൈക്കോടതി വിധി തീർപ്പു കല്പിച്ചിട്ടുള്ളതാണ്. ക്നാനായ സമുദായത്തിന്റെയും ക്നാനായ മെത്രാപ്പോലീത്തായുടെയും ആത്മീയ മേലദ്ധ്യക്ഷൻ കാതോലിക്കോസ് ആയിരിക്കുമെന്നും കാതോലിക്കോസിന്റെ മേൽനോട്ടത്തിലും ആത്മീയ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി ക്നാനായ മെത്രാപ്പോലീത്താ ഭരണം നടത്തിയിട്ടുള്ളതാണെന്നും, ലൗകിക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കക്ഷികൾ ക്നാനായ ഭരണഘടനയിലെ വ്യവസ്ഥകൾ മലങ്കര സഭാ ഭരണഘടനയുമായി പൊരുത്തപ്പെടാത്തിടത്തോളം കാലം ക്നാനായ മെത്രാസനത്തിനും അതിലെ പള്ളികൾക്കും മലങ്കര സഭാ ഭരണഘടന, ക്നാനായ ഭരണഘടനാ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നടപ്പിലാക്കാവൂ എന്നുമാണ് പറഞ്ഞിട്ടുള്ളത്.

ക്നാനായ സമുദായം മലങ്കരസഭയുടെ ഒരു അവിഭാജ്യഘടകമാണെന്നും 1934-ലെ ഭരണഘടന അവർക്കും ബാധകമാണെന്നും അത് ക്നാനായ ഭരണഘടനയ്ക്ക് വിധേയമായിരിക്കും എന്നുമാണ് പറയുന്നത്. അതോടൊ



പ്പം അവർ ആഗ്രഹിക്കുന്നെങ്കിൽ അവരുടെ ആത്മീയ മേലദ്ധ്യക്ഷനായി പാത്രിയർക്കീസിനെ കരുതാം എന്നു മാത്രം.

* * *

### 3 സിവിൽ കോടതിയുടെ അധികാരം

**A** സിവിൽ കോടതിക്ക് ഇത്തരം കേസുകൾ കേൾക്കുന്നതിനുള്ള അധികാരം ഉണ്ടെന്നുള്ള കാര്യം വ്യക്തമാകുന്നുണ്ട്.

"The civil courts have juridiction to entertain the suits for violation of fundamental rights guaranteed under Article 25 and 26 of the Constitution of India and suits." [Page 161]

**B** ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ സിവിൽ പ്രൊസിഡിയർ കോഡ് വകുപ്പ്-9 പ്രകാരമുള്ള ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതിനാൽ ഈ വാദം ഉപേക്ഷിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്.

"Indeed so far as the objection on the basis of section 9 of the Civil Producure Code is concened it was not urged by the defendants - appellants before the Division Bench and must be deemed to have been abandoned." [Page 75]

* * *

സിവിൽ പരമായ എന്നതിന്റെ അർത്ഥവ്യാപ്തി അനുസരിച്ച് മതപരമായ കാര്യങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന സിവിൽ കാര്യങ്ങളും ഉൾപ്പെടുന്നുണ്ടെന്നും അതിനാൽ ഈ കേസ് കേൾക്കുവാൻ അവകാശമുണ്ടെന്നുമാണ് കോടതി കണ്ടത്.

വിശ്വാസപരമായ കാര്യങ്ങളായതിനാൽ ഇതിൽ കോടതിക്ക് ഇടപെടാൻ അവകാശമില്ലെന്ന് പാത്രിയർക്കീസ് പക്ഷം വാദിച്ചു. എന്നാൽ പാത്രിയർക്കീസ് പക്ഷം വാദിയായി 1938-ൽ കൊടുത്ത കേസാണ് 1958-ൽ സുപ്രീംകോടതിയിൽത്തന്നെ മുമ്പ് വിധിയുണ്ടായത് എന്നും ഓർക്കേണ്ടതുണ്ട്.

* * *

### 4. 1991-ലെ ആരാധനാ സ്ഥലനിയമം

**A** 1991-ലെ ആരാധനാ സ്ഥല നിയമത്തിന്റെ വകുപ്പുകൾ ഒന്നും ഈ കേസിലെ നിവൃത്തികൾക്ക് തടസ്സമാവില്ല.

"Places of Worshiop (Special Provisions) Act 1991 does not debar those cases where declaration is sought for a period prior to the Act came into force or for enforcement of right which was recognised before coming into force of the Act [Page 161-162]

**B** മറ്റു തീർപ്പുകളുടെ വെളിച്ചത്തിൽ ഈ കാര്യത്തിലേക്കൊന്നും കടക്കേണ്ട ആവശ്യമേയില്ലെന്നാണ് പറഞ്ഞിട്ടുള്ളത്.

"In view of the above findings it is unnecessary to go into other questions urged before us viz maintainability of the suit (in view of section 9 of the Civil Procedure Code) effect of the Places of Worship (Special Provisions) Act 1991, non-joinder of parties and so on". [Page 74-75]

* * *

അയോദ്ധ്യാ പ്രശ്നത്തെ തുടർന്ന് ആരാധനാസ്ഥലങ്ങൾ 1947-ലെ സ്ഥിതി നിലനിർത്തണമെന്നുള്ള 1991-ലെ ആക്റ്റ് മലങ്കര സഭയിലെ പള്ളികൾക്കും ബാധകമാക്കണമെന്നായിരുന്നു പാത്രിയർക്കീസ് പക്ഷം ആവശ്യപ്പെട്ടത്. കോടതി ആ വാദം നിരാകരിക്കുകയാണുണ്ടായത്.

* * *

## V മറ്റു ബന്ധപ്പെട്ട വിഷയങ്ങൾ

### 1. സഭാ ഭരണഘടനയുടെ 71-ാം വകുപ്പിന് ഭേദഗതി

**A** സഭാ ഭരണഘടനയുടെ വകുപ്പ് മാറ്റുന്ന കാര്യം കോടതിയുടെ പരിധിയിൽ പെടുന്നില്ല. കൂടാതെ കീഴ്ക്കോടതിയിലെ വാദങ്ങളിലോ ഈ കോടതിയിൽ സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷനുകളിലോ ഈ വാദത്തിന് അടിസ്ഥാനമിട്ടിരുന്നുമില്ല.

''എൻസൈക്ലോപീഡിയാ ഓഫ് റിലീജിയൻ'' പ്രകാരം 1970-ൽ കാതോലിക്കാപക്ഷം പാത്രിയർക്കീസ് പക്ഷത്തെക്കാൾ സംഖ്യയിൽ കൂടുതലാണെന്ന് കാണാം.

ഭരണഘടനയിൽ കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് വേണ്ടി ഭരണഘടനയിൽ തന്നെ 120, 121 (ഇപ്പോഴത്തെ 126, 127) വകുപ്പു പ്രകാരം റൂൾ കമ്മറ്റിയെ അധികാരപ്പെടുത്തി പറയുന്നുമുണ്ട്. അതിനാൽ കൂടുതൽ മെച്ചമായ പ്രാതിനിധ്യം എന്ന കാര്യത്തിൽ - അതിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ-പരാതികൾ കമ്മറ്റിയിൽ അവതരിപ്പിക്കാവുന്നതാണ്.

"The Courts function is restricted to ensure in proper implementation and not to determine whether the provisions in the Constitution framed by the religious body was fair or unfair. Religion is not governed, necessarily by logic. In any case it is not in the domain of secular courts to substitute its own opinion of fairness. Further no foundation was laid for it either in the pleading in the trial court or in the SLPs filed in the Court nor any argument appears to have been advanced either before the Single Judge or the Division Bench. In fact if the figures given in the Encyclopedia of Religion is any guide then the numerical strength of Catholicos in 1970 was more than the Patriarch. However paragraphs



120 and 121 of the Constitution of 1934 provide for a Rule Committee which is enpowered to amend the Constitution from time to time. The grievance therefore of fair representation if it has any substance, can be raised before the committee". [Page 167]

**B** ഭരണഘടനയിലെ വകുപ്പ് 68 അതായത് 1967-ലെ ഭരണഘടനാ ഭേദഗതികൾക്കുശേഷം വകുപ്പ് 71-ൽ പറയുന്ന പ്രകാരം ഓരോ പള്ളിയിൽ നിന്നും മലങ്കര അസോസ്യേഷനിലേയ്ക്ക് ഒരു പട്ടക്കാരനും രണ്ട് അയ്മേനികളും എന്നത് ശരിയായ പ്രാതിനിധ്യം ആണെന്നു തോന്നുന്നില്ല.

ഭരണഘടനയിലെ വകുപ്പ് 71 ഭേദഗതി ചെയ്യേണ്ടത് ആവശ്യമായതിനാൽ മൂന്നു മാസത്തിനകം ഇരുവിഭാഗവും, റൂൾ കമ്മറ്റിയും ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. കോടതി അവ പരിശോധിച്ചതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

"It may therefore be necessary to substitute Clause 68 (now clause 71) and other relevant clauses of the Constitution to achieve the aforesaid objective which would also affirm the democractic principle which appears to be one of the basic tenets of this Church. Accordingly we direct both the parties as well as the Rule Committee (mentioned in Clause 120 of the Constitution) to place before this court with in three months from to-day, draft amendments to the constitution. After perusing the same we shall give appropriate directions. Thereafter elections to the Malankara Association shall be held on the basis of the amended Constitution. The Association so elected shall be the Association for all purposes within the meaning of and for the purposes of the 1934 Constitution (as amended from time to time)

We hope that the unity and integrity of the Malankara Church will be maintained and continued by the above arrangement which is wholly consistent with and indeed in furtherance of the objective underlying the Mulanthuruthy Synod resolutions. Elections to the Malankara Association shall have to be held periodically so as to keep its representative character alive and effective." [Pages 80-81]

* * *

1934-ലെ ഭരണഘടന 1951-ലും 1967-ലും ഉണ്ടായിട്ടുള്ള ഭേദഗതികളോടു കൂടി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 68-ാം വകുപ്പ് ഇപ്പോൾ 71-ാം വകുപ്പാണ്.

ഭരണഘടനയിൽ പറയുന്നത് നോക്കുക.

''അദ്ധ്യായം 4 - മലങ്കര മഹാ ഇടവക. A - അസോസ്യേഷൻ.''

71-''ഓരോ ഇടവക യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു പട്ടക്കാ

രനും രണ്ട് അയ്മേനികളും നിലവിലിരിക്കുന്ന മാനേജിംഗ് കമ്മറ്റി അംഗങ്ങളും അസോസ്യേഷനിൽ അംഗങ്ങളായിരിക്കുന്നതാകുന്നു.''

ചില ഇടവക പള്ളികളിൽ അമ്പതോളം അംഗങ്ങൾ മാത്രവും ചില ഇടവകപള്ളികളിൽ ആയിരത്തോളം അംഗങ്ങളും ഉള്ളതിനാൽ അസോസ്യേഷനിലേയ്ക്ക് കൂടുതൽ മെച്ചമായ രീതിയിൽ പ്രാതിനിധ്യം നൽകുന്നതിനുവേണ്ടിയാണ് 71-ാം വകുപ്പ് ഭേദഗതി ആവശ്യമായി വരുന്നത്. എന്നാൽ അംഗങ്ങൾ വളരെ കുറവുള്ളതും അംഗങ്ങൾ വളരെ കൂടുതലുള്ളതുമായ ഇടവകപള്ളികളുടെ എണ്ണം ഒരുപക്ഷേ വളരെ കുറവാണെന്നുംവരാം.

ഭേദഗതി നിർദ്ദേശിക്കുന്ന ഭൂരിപക്ഷ വിധിയുടെതന്നെ അവസാനം പറഞ്ഞിട്ടുള്ളതും പ്രാധാന്യമർഹിക്കുന്നു.

ഭരണഘടനയുടെ 71-ാം വകുപ്പിന് ഏതെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെടുകയാണെങ്കിൽ മൂന്നു മാസത്തിനുശേഷം ബഹു. കോടതി അത് പരിശോധിക്കുന്നതാണെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

"List the matters for further orders after three months along with the draft amendments (suggestions) if any submitted by parties pursuant to the directions given herein before." [page 85]

* * *

## 2. സഭയിൽ സമാധാനവും 1-1-1971 എന്ന തീയതിയും

**A** ഈ കേസും വഴക്കുകളും ഒക്കെ യാതൊരാവശ്യവുമില്ലാത്തതാണെന്നാണ് പറഞ്ഞിട്ടുള്ളത്.

ഭാവിയിൽ വീണ്ടും ഇതൊക്കെ ആവർത്തിക്കാതിരിക്കുവാൻ എല്ലാ കക്ഷികളുടെയും അവകാശങ്ങളും ബന്ധങ്ങളുമൊക്കെ നിയന്ത്രിക്കുന്നതും 1970-ൽ വീണ്ടും വഴക്കുകൾ ആരംഭിക്കുന്നതുവരെ ഭേദഗതി ചെയ്ത് അംഗീകരിച്ചു നടപ്പിലാക്കിയിട്ടുള്ളതുമായ 1934-ലെ ഭരണഘടന അന്തിമമായി കരുതേണ്ടതാണ്.

"Therefore in nutshell the entire exercise was much ado about nothing. If the Catholicos went to one extreme and claimed that a declaration be granted that the Church had become autocephalous, then the Patriarch went to other extreme by raising all possible defence denying even the most basic and fundamental concepts which has been settled either by judicial decision or the constitution and Kalpanas issued from time to time. Even when Patriarch of Antioch was constituted in the meeting of Nicea held in 325 AD, the other higher spiritual authority was the Catholicos of the East. It was agreed even at that time that the Catholicos could perform every spiritual function but the Patriarch had the overall superiority. There is no deviation from that, except to the extent



it is provided in the Constitution with consent of all and in accordance with the convention and custom which has developed for all these long years. Therefore in order to bring down the curtain and avoid any further digging of the grave activated by personal prejudices and rivalry it is necessary to hold that the Constitution of 1934 as amended from time to time accepted and acted upon till the spurt of activities in 1970 shall be taken as final governing the right and relationship of all the parties." [Pages 164-165]

**B** സഭയിൽ സമാധാനം കൈവരുത്തുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് 1971 ജനുവരി 1 എന്ന തീയതിയെപ്പറ്റി കോടതി പ്രതിപാദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. രണ്ടു കക്ഷികളും തമ്മിൽ അനുരജ്ഞനത്തിനും സമാധാനത്തിനും വേണ്ടിയുള്ള ഏതെങ്കിലും ശ്രമത്തിന് 1-1-1971 എന്ന തീയതിയാണ് തുടക്കമായി കാണേണ്ടത്. സമാധാനം കൈവരുത്തുവാൻ അന്നുണ്ടായിരുന്ന സാഹചര്യം ആവശ്യമാണ്. കാരണം ഇതിനു ശേഷമാണ് സഭയിൽ വീണ്ടും പിളർപ്പ് ഉണ്ടാകുവാനുള്ള ചെയ്തികൾക്ക് തുടക്കം കുറിച്ചത്. അതായത് 1970 ഡിസംബർ 31-ാം തീയതി കൂടിയ മലങ്കര അസോസ്യേഷൻ യോഗത്തിൽ രണ്ടു കക്ഷികളും സംബന്ധിച്ച് 1934-ലെ ഭരണഘടന പ്രകാരം മാത്യൂസ് മാർ അത്താനാസ്യോസിനെ തെരഞ്ഞെടുത്തതിൻെറ അടുത്ത ദിവസമായ 1-1-1971-ൽ ഉണ്ടായിരുന്ന - സഭ ഒന്നായിരുന്ന - അന്തരീക്ഷം സൃഷ്ടിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് പ്രസ്തുത തീയതി കോടതി വിഭാവനം ചെയ്യുന്നത് എന്നു സ്പഷ്ടമാണ്.

* * *

1970 ഡിസംബർ-31-ാം തീയതി കാതോലിക്കായുടെ പിൻഗാമിയായി തെരഞ്ഞെടുത്ത മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയെ 1975 ഒക്ടോബറിൽ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കായായി വാഴിച്ചതും ആറാമത്തെ കാതോലിക്കാ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവാഴ്ചയും എല്ലാം നിയമപ്രാബല്യമുള്ളതും സാധുവായതും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണെന്ന് എടുത്തു പറയുന്നുണ്ട്.

"The situation resulting from the above summary of the findings is that the situation obtaining on January 1, 1971 (ie the day after the election of Mathew Athanasius at the meeting of the Malankara Association held on December 31, 1970 in accordance with the 1934 constitution) shall be deemed to be the position even today in all respects. It is after January 1, 1971 that there was fresh spurt of quarrel between two groups and between the Patriarch and the Catholicos. Any attempt to bring peace,

reconciliation and rapproachment between the two groups must take the said date as the starting point. [This does not however mean that installation of Mathew Athanasius, elected as the Catholicos on December 31, 1970 in October 1975 is to be ignored. Similarly the election and installation of sixth Catholicos, Mathew II, (third respondent in the present appeals) cannot also be ignored. They are accomplished facts and shall remain unquestioned]] It is with reference to the said date that the directions to be mentioned here in after are made with the hope that the said measure will succeed in bringing about a reconciliation between the two warring groups and establish peace in Malankara Church which should be the desire of every well meaning member of that Church." [Page 75-76]

മലങ്കരസഭയിൽ സമാധാനം ഉണ്ടാകണം എന്നുള്ള ആഗ്രഹം രണ്ട് വിധിയിലും വ്യക്തമായി പ്രകടമാക്കുന്നുണ്ട്. ആ ഉദ്ദേശത്തോടുകൂടിയാണ് സമാധാന അന്തരീക്ഷം നിലവിലുണ്ടായിരുന്ന 1-1-1971 എന്ന തീയതി തന്നെ കോടതി വിഭാവനം ചെയ്യുന്നത്. ഭരണഘടനയുടെ 71-ാം വകുപ്പിന് ഭേദഗതി ക്ഷണിക്കുന്നതുതന്നെ സമാധാന അന്തരീക്ഷം സംജാതമാകുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ്. എന്നാൽ ഇതെല്ലാം 1934-ലെ സഭാഭരണഘടനയ്ക്കനുസരണമായിട്ടായിരിക്കണം എന്നും വ്യക്തമാകുന്നുണ്ട്.

1-1-1971-ന് ശേഷവും ഇന്നുവരെ 1934-ലെ ഭരണഘടന പ്രകാരം നടന്നിട്ടുള്ള യാതൊരു കാര്യങ്ങളും കോടതി അസ്ഥിരപ്പെടുത്തുകയോ അസാധുവാണെന്ന് അഭിപ്രായപ്പെടുകയോ ചെയ്തിട്ടില്ല.

കൂടാതെ രണ്ടു കക്ഷികൾക്കും പുറമെ നിലവിലുള്ള റൂൾ കമ്മറ്റിയോടും, ഭരണഘടന 71-ാം വകുപ്പിൻെറ ഭേദഗതി നിർദ്ദേശിക്കുവാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുള്ളതിനാലും, റൂൾ കമ്മറ്റി മലങ്കര അസോസ്യേഷനാൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മാനേജിംഗ് കമ്മറ്റിയാൽ നിയമിക്കപ്പെടുന്ന ഒരു കമ്മറ്റിയായതിനാലും 1934-ലെ ഭരണഘടനപ്രകാരം 1-1-1971ന് ശേഷവും നടന്നിട്ടുള്ള എല്ലാ കാര്യങ്ങളും നിയമപ്രാബല്യമുള്ളതും അംഗീകൃതവുമാണെന്നു വ്യക്തമായി കാണാവുന്നതാണ്.

* * *

## VI വിധിയുടെ വെളിച്ചത്തിൽ എടുത്തു പറയേണ്ട ചില പ്രധാന കാര്യങ്ങൾ

### 1. അപ്പീലിൽ തീർപ്പു കല്പിക്കപ്പെട്ടു. സംശയമില്ല.

ജസ്റ്റീസ് ആർ.എം. സഹായിയുടെ ജഡ്ജ്മെൻറിൽ പറയുന്നത് കേരള ഹൈക്കോടതിവിധിയിൽ ഇടപെടേണ്ട ആവശ്യമുണ്ടെന്ന് കാണുന്നില്ലെന്നും



കേരള ഹൈക്കോടതി വിധി ശരിവച്ചുകൊണ്ട് അപ്പീലുകൾ തീരുമാനിക്കുന്നു എന്നുമാണ്.

"Consequently the appeals decided by affirming the conclusions of the Division Bench of Kerala High Court which do not call for any interference. " [Page 168]

ജസ്റ്റീസ് ബി.പി. ജീവൻറെഡ്ഡി, ജസ്റ്റീസ് സുഹാസ്.സി.സെൻ എന്നിവരുടെ വിധിയിൽ പറയുന്നതും വ്യക്തമാണ്.

അപ്പീലുകളും തടസ്സങ്ങളും അപേക്ഷകളും എല്ലാം മേൽ പറഞ്ഞ രീതിയിൽ തീർപ്പു കല്പിക്കപ്പെടുന്നു എന്നാണ്.

"The appeals cross objections and applications are disposed of in the above terms."

"List the matters for further orders after three months along with the draft amendments (suggestions) if any, submitted by the parties pursuant to the directions given here in before." [Page 85]

* * *

ഇതിൽനിന്നും 1-6-1990-ലെ കേരള ഹൈക്കോടതി വിധിയിൻമേൽ പാത്രിയർക്കീസ് പക്ഷം സുപ്രീംകോടതിയിൽ കൊടുത്തിരുന്ന അപ്പീലിലും മറ്റും തീർപ്പു കല്പിക്കപ്പെട്ടു എന്നു വ്യക്തമാണ്.

ഭരണഘടനയുടെ 71-ാം വകുപ്പിൻെറ ഭേദഗതിയെ സംബന്ധിച്ചു മാത്രമേ മൂന്നു മാസത്തിനുശേഷം അവസാന തീരുമാനം എടുക്കേണ്ടതുള്ളു. ഏതെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെടുകയാണെങ്കിൽ കോടതി അത് പരിശോധിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്.

* * *

### 2. 1-6-1990-ലെ കേരള ഹൈക്കോടതിവിധി

കേരളഹൈക്കോടതിയുടെ 1-6-1990-ലെ കാതോലിക്കാപക്ഷത്തിന് അനുകൂലമായ വിധിക്കെതിരെ പാത്രിയർക്കീസ് പക്ഷം സുപ്രീംകോടതിയിൽ സമർപ്പിച്ച അപ്പീലിൽ തീർപ്പു കല്പിച്ച് വിധി പ്രസ്താവിച്ചിട്ടുള്ളത് കേരള ഹൈക്കോടതിയുടെ വിധി ശരി വച്ചുകൊണ്ടാണ്. പ്രത്യേകം എടുത്തു പറയാത്ത കാര്യങ്ങളിലെല്ലാം കേരള ഹൈക്കോടതിവിധി നിലനിൽക്കുകയാണ്.

അപ്പീൽ അനുവദിക്കുകയോ അപ്പീലിനടിസ്ഥാനമായ കേരള ഹൈക്കോടതിയുടെ തീരുമാനങ്ങളും ഡിക്രിയും അസ്ഥിരപ്പെടുത്തുകയോ ഉണ്ടായിട്ടില്ലാത്തതിനാൽ കീഴ്കോടതി ഡിക്രിപ്രകാരമുള്ള നിരോധന ഉത്തരവുകൾ

നിലനിൽക്കുകയാണ്. അതിൻപ്രകാരം ഇൻജംഗ്ഷൻ നിലവിൽ വരുകയും ചെയ്യുന്നു. 1 മുതൽ 17 വരെയുള്ള പ്രതികൾക്ക് (പാത്രിയർക്കീസ്പക്ഷം) എതിരായിട്ടാണ് ഡിക്രി പുറപ്പെടുവിച്ചിട്ടുള്ളത്.

### 3. 1-1-1971-നുശേഷം പാത്രിയർക്കീസ് പക്ഷത്ത് വാഴിക്കപ്പെട്ടിട്ടുള്ള കാതോലിക്കാ, മേൽപ്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ എന്നിവർ

പാത്രിയർക്കീസ് പക്ഷത്ത് വാഴിക്കപ്പെട്ടിട്ടുള്ള കാതോലിക്കായെയോ, മെത്രാന്മാരെയോ, 1934-ലെ ഭരണഘടനപ്രകാരം, മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കുകയോ, പരിശുദ്ധ സുന്നഹദോസ് അംഗീകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അവർക്ക് നിയമപ്രകാരം അംഗീകാരമില്ല. ആയതിനാൽ അവർക്ക് പട്ടക്കാർക്കോ ശെമ്മാശന്മാർക്കോ പട്ടം കൊടുക്കുന്നതിന് അർഹതയില്ല. അതുകൊണ്ട് അവരിൽ നിന്നും പട്ടം സ്വീകരിച്ചിട്ടുള്ള പട്ടക്കാർക്കോ ശെമ്മാശന്മാർക്കോ സ്ഥാനം ഉള്ളതായി അംഗീകരിക്കാവുന്നതല്ല.

"Defendants 1 to 3 are Metropolitans ordained by the Patriarch. It is not argued before us that their selection or ordination was accepted by the community as represented by the Malankara Association. Therefore they have no legal status as claimed by them. It must necessarily follow that they are incompetent to ordain priests or deacons. Hence status of defendants 4 to 8 as priests and deacons cannot be accepted. Clergy and laity are bound by the provisions of the Constitution of Malankara Sabha. It must follow that decree has to be granted against defendants 1 to 17 as indicated here in and decree in part has to be granted against 19th defendant". [Para 165-Kerala High Court 1-6-1990]

### 4. ക്നാനായ സമുദായം

ക്നാനായ സമുദായം മലങ്കരസഭയുടെ ഒരു അവിഭാജ്യഘടകമാണ്. 1934-ലെ ഭരണഘടനാവ്യവസ്ഥകൾക്ക് വിധേയമല്ലാതെ ക്നാനായ സമുദായത്തിനുവേണ്ടി ഒരു മെത്രാപ്പോലീത്തായെ നേരിട്ട് വാഴിക്കുന്നതിന് പാത്രിയർക്കീസിന് അധികാരമില്ല.

### 5. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ

മലങ്കര മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതാണ്. മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ ഇപ്പോൾ കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായാണ്. മലങ്കര സഭയുടെ ആസ്ഥാനം ''കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം'' ആണ്.



സമാധാനകാംക്ഷികളായ മലങ്കര സഭാംഗങ്ങളെല്ലാം അംഗീകരിക്കപ്പെട്ട കിഴക്കിന്റെ കാതോലിക്കോസിന്റെ കീഴിൽ അണിനിരക്കുമെന്ന് പ്രതീക്ഷിക്കാം. അത് അവരുടെ നിലനില്പിന്തന്നെ ആവശ്യവുമാണ്. കാരണം മലങ്കരസഭ ഒന്നു മാത്രമേയുള്ളൂ.

### 6. വിധി - കാതോലിക്കാപക്ഷത്തിന് അനുകൂലം

1995 ജൂൺ 20-ാം തീയതിയിലെ സുപ്രീംകോടതിവിധി കാതോലിക്കാപക്ഷത്തിന് അനുകൂലമായി വ്യക്തമായ രീതിയിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വിധിയാണ്. ഇതിന് സംശയമില്ല. ഇത് വളച്ചൊടിച്ച് പ്രയാസങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുന്നത് ക്രിസ്തീയമല്ല.

സത്യം ജയിച്ചു. സഭയിൽ സമാധാനം കൈവരുവാൻ ദൈവം സഹായിക്കട്ടെ. നമുക്കും അതിനായി പ്രവർത്തിക്കാം. പ്രാർത്ഥിക്കാം.

* * *

## VII മലങ്കരസഭയും അന്ത്യോഖ്യൻ സഭയും തമ്മിലുള്ള ബന്ധം

### 1934-ലെ സഭാഭരണഘടനയിലെ ചില പ്രസക്തഭാഗങ്ങൾ

മലങ്കരസഭയും അന്ത്യോഖ്യൻ സഭയും തമ്മിലുള്ള ബന്ധം മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ 1934-ലെ ഭരണഘടനയിൽ വ്യക്തമാക്കുന്നുണ്ട്. പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

### അദ്ധ്യായം 1 - പ്രഖ്യാപനം

1. ''മലങ്കരസഭ - ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗവും ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസും ആകുന്നു.''

2. ''മലങ്കരസഭ - മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആകുന്നു.''

3. ''ഓർത്തഡോക്സ് സുറിയാനിസഭയെ ചില കാരണങ്ങളാൽ പിശകായി ''യാക്കോബായ സഭ'' എന്നുകൂടെ പേരു പറഞ്ഞു വരുന്നതുപോലെ മലങ്കരസഭയെയും അതെ കാരണങ്ങളാൽ യാക്കോബായസഭ എന്നുകൂടെ പറഞ്ഞുവരുന്നുണ്ടെങ്കിലും അതിനുള്ള പൂർവ്വികമായ സാക്ഷാൽ പേര് ''മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ'' എന്നാകുന്നു''.

## അദ്ധ്യായം 4-D മലങ്കര മെത്രാപ്പോലീത്താ

94. ''മലങ്കരയുടെ ലൗകികവും വൈദികവും ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം ഈ ഘടനയ്ക്ക് വിധേയമായി മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.''

## അദ്ധ്യായം 5 - കാതോലിക്കാ

99. ''മലങ്കര ഉൾപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ 1912-ൽ കാതോലിക്കാ സിംഹാസനം പുനഃസ്ഥാപിക്കപ്പെട്ടിട്ടുള്ളതും അന്നു മുതൽ ഈ സ്ഥാപനം പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയിൽ വ്യാപരിച്ചുവരുന്നതുമാകുന്നു.''

100. ''മേല്പട്ടക്കാരെ വാഴിക്കുക, എപ്പിസ്കോപ്പൽ സുന്നഹദോസിൽ അദ്ധ്യക്ഷം വഹിക്കുക, സുന്നഹദോസിന്റെ നിശ്ചയങ്ങളെ പ്രഖ്യാപിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക, സുന്നഹദോസിന്റെ പ്രതിപുരുഷനെന്ന നിലയിൽ ഭരണം നടത്തുക, മൂറോൻ കൂദാശ ചെയ്യുക എന്നിവ കാതോലിക്കായുടെ അധികാരത്തിൽപെട്ടവയാകുന്നു.''

## അദ്ധ്യായം 6-പാത്രിയർക്കീസ്

101. ''കാതോലിക്കായുടെ സഹകരണത്തോടുകൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മലങ്കരസഭ അംഗീകരിക്കുന്നതാകുന്നു.''

* * *

Published by Catholicate Office, Devalokam, Kottayam.
Typesetting & Printing - Alois Graphics, Kottayam-2. Phone: 569847